പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

# ആഭ്യന്തര കാര്യങ്ങൾ
# (HOME AFFAIRS)

ആനുകാലിക റിപ്പോർട്ട്
(2020 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2020)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ട പ്രകാരമുള്ളത്

(Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്

(Presented on 24th August, 2020)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

# ആഭ്യന്തര കാര്യങ്ങൾ
# (HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2020 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2020)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ട പ്രകാരമുള്ളത്**

**(Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 56 |

## സബ്ജക്ട് കമ്മിറ്റി XIV

## (ആഭ്യന്തര കാര്യങ്ങൾ)

## (2019-2021)

### ഘടന

ചെയർമാൻ :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

പ്രത്യേക ക്ഷണിതാവ്:

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ഡോ. എം. കെ. മുനീർ

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ഷബാന അണ്ണൂം, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി, അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ - ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട പതിനാലാം കേരള നിയമസഭയുടെ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV (2016-18)-ൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അദ്ധ്യക്ഷനും ബഹു. പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. വി. എസ്. അച്യുതാനന്ദൻ, ശ്രീ. ജെയിംസ് മാത്യു, ശ്രീ. കെ. എം. മാണി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. സി. കെ. നാണു, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. എ. പ്രദീപ്കുമാർ, ശ്രീ. രാജു എബ്രഹാം, ശ്രീ. ആർ. രാമചന്ദ്രൻ എന്നിവർ അംഗങ്ങളും, 23-9-2016 മുതൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പ്രത്യേക ക്ഷണിതാവുമാണ്. 2019 ജനുവരി 7-ലെ 598-ാം നമ്പർ ബുള്ളറ്റിൻ - ഭാഗം 2 പ്രകാരം 2019-2021 കാലയളവിലേയ്ക്കായി സമിതി പുനഃസംഘടിപ്പിച്ചു. സമിതി അംഗമായ ശ്രീ. കെ. എം. മാണി 9-4-2019-ന് അന്തരിച്ചു.

പതിനാലാം കേരള നിയമസഭയുടെ കാലയളവിലുള്ള സമിതി 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ 24-6-2019, 28-6-2019, 22-10-2019, 7-11-2019, 6-2-2020, 18-2-2020, 20-2-2020, 25-2-2020 എന്നീ തീയതികളിലായി സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ മൂന്ന് യോഗങ്ങൾ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും മൂന്ന് യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്ക് വേണ്ടിയും രണ്ട് യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കളുടെ സാധൂകരണം, വിവിധ റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന, വിവിധ റിപ്പോർട്ടുകളുടെ കരട് പരിഗണന, കരട് ചട്ടങ്ങൾ, സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാത്തതും നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതും സംബന്ധിച്ച തെളിവെടുപ്പുകൾ എന്നിവയ്ക്ക് വേണ്ടിയും ഉള്ളതായിരുന്നു. യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ 54.54 ശതമാനമായിരുന്നു.

ആറ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങളും, മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങളും നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235A പ്രകാരമുള്ള യോഗങ്ങളുടെ വിവരങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ സമിതി ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളുടേയും കാലതാമസ പത്രികകളുടെയും വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2020 ജൂലൈ മാസം 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പിണറായി വിജയൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2020 ജൂലൈ 23.

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 18-2-2020, 20-2-2020 എന്നീ തീയതികളിലായി 2020-21 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ സൂക്ഷ്മ പരിശോധന നടത്തിയതിൻപ്രകാരം തയ്യാറാക്കിയ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് 25-2-2020-ലെ സമിതിയോഗം അംഗീകരിക്കുകയും റിപ്പോർട്ട് 2020 മാർച്ച് 2-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു:

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ II | - | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ |
| ധനാഭ്യർത്ഥന നമ്പർ III | - | നീതിന്യായ നിർവ്വഹണം |
| ധനാഭ്യർത്ഥന നമ്പർ IV | - | തെരഞ്ഞെടുപ്പുകൾ |
| ധനാഭ്യർത്ഥന നമ്പർ XII | - | പോലീസ് |
| ധനാഭ്യർത്ഥന നമ്പർ XIII | - | ജയിലുകൾ |
| ധനാഭ്യർത്ഥന നമ്പർ XIV | - | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന നമ്പർ XV | - | പൊതുമരാമത്ത് |
| ധനാഭ്യർത്ഥന നമ്പർ XVII | - | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം |
| ധനാഭ്യർത്ഥന നമ്പർ XXIII | - | വാർത്താവിതരണവും പ്രചരണവും |
| ധനാഭ്യർത്ഥന നമ്പർ XLI | - | ഗതാഗതം |

1-4-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതിയുടെ 24-6-2019-ലെ യോഗം അംഗീകരിക്കുകയും റിപ്പോർട്ട് 2019 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 24-6-2019-ലെ യോഗം അംഗീകരിക്കുകയും റിപ്പോർട്ട് 2019 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 8-11-2019-ന് സഭയിൽ സമർപ്പിച്ചു.

2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 8-11-2019-ന് സഭയിൽ സമർപ്പിച്ചു.

2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 8-11-2019-ന് സഭയിൽ സമർപ്പിച്ചു.

2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 7-2-2020-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1. 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ 7-11-2019-ലെ യോഗത്തിൽ സമിതി പരിശോധിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 8-11-2019-ന് സഭയിൽ സമർപ്പിച്ചു.

2. 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ 7-11-2019-ലെ യോഗത്തിൽ സമിതി പരിശോധിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 8-11-2019-ന് സഭയിൽ സമർപ്പിച്ചു.

3. 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ 7-11-2019-ലെ യോഗത്തിൽ സമിതി പരിശോധിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 8-11-2019-ന് സഭയിൽ സമർപ്പിച്ചു.

4. 2019-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ 6-2-2020-ലെ യോഗത്തിൽ സമിതി പരിശോധിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 7-2-2020-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം III

# സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

(എ) കരട് ചട്ടങ്ങൾ

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു:

### 24-6-2019-ലെ യോഗം

1. ഫിനാൻഷ്യൽ അസിസ്റ്റന്റ്സ് ആന്റ് ഫിനാൻസ് ഓഫീസേഴ്സ് ഇൻ ദ വേരിയസ് ഡിപ്പാർട്ടുമെന്റ്സ് ഓഫ് ദ സ്റ്റേറ്റ് ഓഫ് കേരള (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2019.

(ഫയൽ നമ്പർ 7282/സബ്.സി.ഡി2/2018/ നി.സെ.)

2. കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2019.[ഭാഗം III-ലെ ചട്ടം 134 ഭേദഗതി]

(ഫയൽ നമ്പർ 3382/സബ്.സി.ഡി2/2019/ നി.സെ.)

3. കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2019 [ഭാഗം III-ലെ ചട്ടം 88, 90, 93, 102 എന്നിവയുടെ ഭേദഗതി.]

(ഫയൽ നമ്പർ 3383/സബ്.സി.ഡി2/2019/ നി.സെ.)

4. 2019-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടങ്ങൾ

(ഫയൽ നമ്പർ 3373/സബ്.സി.ഡി2/2018/ നി.സെ.)

5. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് (അമെന്റ്മെന്റ്) റൂൾസ്, 2019 [ഭാഗം II-ലെ ചട്ടം 13B-യുടെ 3-ാം പ്രൊവിസോയിൽ ഭേദഗതി]

(ഫയൽ നമ്പർ 2234/സബ്.സി.ഡി2/2019/ നി.സെ.)

6. മെമ്പേഴ്സ് ഓഫ് ദ കേരള ലെജിസ്ലേറ്റീവ് അസംബ്ലി (അഡ്വാൻസ് ഫോർ ദ പർച്ചേസ് ഓഫ് വെഹിക്കിൾ) അമെന്റ്മെന്റ് റൂൾസ്, 2019

(ഫയൽ നമ്പർ 1408/സബ്.സി.ഡി2/2018/ നി.സെ.)

## 22-10-2019-ലെ യോഗം

7. കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 31 ഭേദഗതി

(ഫയൽ നമ്പർ 3458/സബ്.സി.ഡി2/2019/ നി.സെ.)

8. കേരള സർവ്വീസ് റൂൾസ് ഭാഗം I, അനുബന്ധം VII സെക്ഷൻ 11-ലെ ചട്ടം 21 ഭേദഗതി

(ഫയൽ നമ്പർ 4654/സബ്.സി.ഡി2/2019/ നി.സെ.)

9. 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ്

(ഫയൽ നമ്പർ 4846/സബ്.സി.ഡി2/2017/നി.സെ.)

താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

## 24-6-2019-ലെ യോഗം

1. കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2018 [ഭാഗം III-ലെ ചട്ടം 62, 90(5) എന്നിവയുടെ ഭേദഗതി]

(ഫയൽ നമ്പർ 7250/സബ്.സി.ഡി2/2018/ നി.സെ.)

2. കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2018 [ഭാഗം III-ലെ ഫാറം 2, ഫാറം 11 എന്നിവയിലെ ആവർത്തനങ്ങൾ ഒഴിവാക്കി രണ്ട് ഫാറങ്ങളും ഒരുമിച്ചാക്കുന്നതിനായുള്ള ഭേദഗതി]

(ഫയൽ നമ്പർ 434/സബ്.സി.ഡി2/2019/ നി.സെ.)

3. സ്പെഷ്യൽ റൂൾസ് ഫോർ ദ പോസ്റ്റ് ഓഫ് ഫിംഗർ പ്രിന്റ് എക്സ്പെർട്ട്സ് ആന്റ് ഫിംഗർ പ്രിന്റ് സെർച്ചേഴ്സ് ഇൻ ദ ഫിംഗർ പ്രിന്റ് ബ്യൂറോ ഓഫ് ദി പോലീസ് ഡിപ്പാർട്ട്മെന്റ് (അമെന്റ്മെന്റ്), 2018

(ഫയൽ നമ്പർ 255/സബ്.സി.ഡി2/2019/ നി.സെ.)

4. കേരള പോലീസ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2018

(ഫയൽ നമ്പർ 255/സബ്.സി.ഡി2/2019/ നി.സെ.)

5. കേരള സ്റ്റേറ്റ് പ്ലാനിംഗ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2019

(ഫയൽ നമ്പർ 2774/സബ്.സി.ഡി2/2019/ നി.സെ.)

## 22-10-2019-ലെ യോഗം

6. 2019-ലെ കേരള പോലീസ് ചട്ടങ്ങൾ

(ഫയൽ നമ്പർ 3373/സബ്.സി.ഡി2/2018/ നി.സെ.)

<u>സമിതി സാധൂകരണം നൽകിയ ചട്ടങ്ങളുടെ വിശദാംശം</u>

താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ സമിതിയുടെ മുൻകൂട്ടിയുള്ള പരിശോധന കൂടാതെ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നൽകിയ വിശദീകരണം സമിതി അംഗീകരിക്കുകയും പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

## 24-6-2019-ലെ യോഗം

1. മുസ്ലീം പേഴ്സണൽ ലാ (ശരീയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ്, 2018 (എസ്.ആർ.ഒ. നമ്പർ 920/ 2018)

(ഫയൽ നമ്പർ 347/സബ്.സി.ഡി2/2019/ നി.സെ.)

2. കേരള കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2018 (എസ്.ആർ.ഒ. നമ്പർ 436/2018)

(ഫയൽ നമ്പർ 2062/സബ്.സി.ഡി2/2016/ നി.സെ.)

3. മെമ്പേഴ്സ് ഓഫ് ദ കേരള ലെജിസ്ലേറ്റീവ് അസംബ്ലി (ഹൗസ് ബിൽഡിംഗ് അഡ്വാൻസ്) അമെന്റ്മെന്റ് റൂൾസ്, 2019 (എസ്.ആർ.ഒ. നമ്പർ 307/2019)

(ഫയൽ നമ്പർ 1408/സബ്.സി.ഡി2/2018/നി.സെ.)

## 22-10-2019-ലെ യോഗം

4. കെ.എസ്.ആർ. ഭാഗം III, ചട്ടം 59 ഭേദഗതി ചെയ്യുന്നതിനുള്ള ചട്ടങ്ങൾ. (എസ്.ആർ.ഒ. നം 932/2018, 511/2019)

(ഫയൽ നമ്പർ 4861/സബ്.സി.ഡി2/2019/ നി.സെ.)

<u>അദ്ധ്യായം IV</u>

## കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 A പ്രകാരമുള്ള സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 A പ്രകാരം സമിതി യോഗം ചേർന്നിട്ടില്ല.

അദ്ധ്യായം V

## കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | വകുപ്പ്/സ്ഥാപനം | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|---|
| 1 | 2 | 3 | 4 |
| 2018-19 | XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | പൊതുഭരണ (സർവ്വീസ്-ഡി) വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ) | 26-6-2019 |
| 2018-19 | II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) | 4-7-2019 |
| 2018-19 | XII-പോലീസ് | വിജിലൻസ് വകുപ്പ് | 4-7-2019 |
| 2011-12 | XII-പോലീസ് | പോലീസ് വകുപ്പ് രാസപദാർത്ഥ പരിശോധന ശാല | 13-11-2019 |
| 2012-13 | XII-പോലീസ് | പോലീസ് വകുപ്പ് രാസപദാർത്ഥ പരിശോധന ശാല | 13-11-2019 |
| 2013-14 | XII-പോലീസ് | പോലീസ് വകുപ്പ് രാസപദാർത്ഥ പരിശോധന ശാല | 13-11-2019 |
| 2014-15 | XII-പോലീസ് | പോലീസ് വകുപ്പ് രാസപദാർത്ഥ പരിശോധന ശാല | 13-11-2019 |
| 2015-16 | XII-പോലീസ് | പോലീസ് വകുപ്പ് രാസപദാർത്ഥ പരിശോധന ശാല | 13-11-2019 |

| 1 | 2 | 3 | 4 |
|---|---|---|---|
| 2016-17 | XII-പോലീസ് | പോലീസ് വകുപ്പ് രാസപദാർത്ഥ പരിശോധന ശാല | 13-11-2019 |
| 2017-18 | XII-പോലീസ് | പോലീസ് വകുപ്പ് രാസപദാർത്ഥ പരിശോധന ശാല | 13-11-2019 |
| 2017-18 | II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ | 13-11-2019 |
| 2018-19 | II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് സംസ്ഥാന ആസൂത്രണ ബോർഡ് | 13-11-2019 |
| 2018-19 | XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ഫയർ & റസ്ക്യൂ സർവ്വീസസ് ഐ.എം.ജി. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് | 13-11-2019 |
| 2018-19 | XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ | 13-11-2019 |
| 2018-19 | XXIV-തൊഴിലും, തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | കേരളീയ പ്രവാസി കാര്യ വകുപ്പ് | 13-11-2019 |
| 2018-19 | II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | പാർലമെന്ററികാര്യ വകുപ്പ് | 13-11-2019 |
| 2018-19 | II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ | നിയമ വകുപ്പ് | 13-11-2019 |
| 2017-18 | II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | പൊതുഭരണ (അക്കൗണ്ട്സ് ബജ്ഡറ്റ് വിംഗ്) വകുപ്പ് | 6-2-2020 |
| 2017-18 | III-നീതിന്യായ നിർവ്വഹണം | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ | 6-2-2020 |

| 1 | 2 | 3 | 4 |
|---|---|---|---|
| 2017-18 | XXXVII-വ്യവസായങ്ങൾ | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (എ) വകുപ്പ്, സൈബർ പാർക്ക് | 6-2-2020 |
| 2018-19 | II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 11) വകുപ്പ് | 6-2-2020 |
| 2018-19 | IV-തെരഞ്ഞെടുപ്പുകൾ | ഇലക്ഷൻ വകുപ്പ് | 6-2-2020 |
| 2018-19 | XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | പൊതുഭരണ (എ.ഐ.എസ്-എ) വകുപ്പ് | 6-2-2020 |
| 2018-19 | XXIII-വാർത്താവിതരണവും പ്രചരണവും | വിവര പൊതുജനസമ്പർക്ക വകുപ്പ് | 6-2-2020 |
| 2018-19 | II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ധനകാര്യ വകുപ്പ് | 6-2-2020 |

## അദ്ധ്യായം VI

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശം

1. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്

**ശിപാർശ**

**2015-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു തെരഞ്ഞെടുപ്പ് നടത്തുന്നതിനാൽ ഈ ശീർഷകത്തിലെ താഴെപ്പറയുന്ന ഇനങ്ങളിൽ**

**അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഓരോ ഇനത്തിലും താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:**

| | | |
|---|---|---|
| 02-വേതനം | - | 2,50,000 രൂപ |
| 04-1-യാത്രാബത്ത | - | 24,00,000 രൂപ |
| 04-4-അവധിയാത്രാനുകൂല്യം | - | 3,70,000 രൂപ |
| 05-04-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ | - | 10,00,000 രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 2,00,000 രൂപ |
| 45-പി.ഒ.എൽ. | - | 2,70,000 രൂപ |

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

2015-00-101-99-04-1

യാത്രാബത്തയായി - 24,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തതിൽ G. O. (Rt.) 9094/15/Fin. Dtd. 16-10-2015 ഉത്തരവ് പ്രകാരം Additional authorization-ലൂടെ 20,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

2015-00-101-99-04-4

അവധിയാത്രാനുകൂല്യമായി - 3,70,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തതിൽ G. O. (Rt.) 281/16/Fin. Dated 12-1-2016 ഉത്തരവ് പ്രകാരം 1,50,000 രൂപ 2015-00-101-99-06-RRT എന്ന ശീർഷകത്തിൽ നിന്ന് Re-appropriation-ലൂടെ അനുവദിച്ചിട്ടുണ്ട്.

2015-00-101-99-05-4

ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ - 10,00,000 രൂപ സമിതി ശിപാർശ ചെയ്തതിൽ G. O. (Rt.) 9094/15/Fin. dated. 16-10-2015 ഉത്തരവ് പ്രകാരം Additional authorization ലൂടെ 5,00,000 രൂപ അനുവദിച്ചു.

മറ്റുശീർഷകങ്ങളിലൊന്നും തുകകൾ അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എം.2/21/2017/ത.സ്വ.ഭ.വ. തീയതി 1-2-2019)

**ശിപാർശ**

**സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ടും സംസ്ഥാനത്തുടനീളം യാത്രകൾ നടത്തേണ്ടതായിട്ടുണ്ട്. കമ്മീഷണർ നിലവിൽ ഉപയോഗിച്ചുവരുന്ന വാഹനം കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാത്തതിനാൽ പ്രസ്തുത വാഹനം കണ്ടം ചെയ്ത് പുതിയ കാർ വാങ്ങുന്നതിനായി മേൽ ശീർഷകത്തിൽ 20,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

കമ്മിറ്റി ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല. (എന്നാൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ആവശ്യപ്രകാരം ചുവടെ ചേർത്തിരിക്കുന്ന ഉത്തരവുകൾ പ്രകാരം വാഹനം വാങ്ങുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. 16-5-2017-ലെ സ. ഉ. (സാധാ.) നമ്പർ 1600/2017/ത.സ്വ.ഭ.വ., 28-9-2017-ലെ സ. ഉ. (സാധാ.) 383/2017/ത.സ്വ.ഭ.വ., 14-12-2017-ലെ സ. ഉ. (സാധാ.) 4049/17/ത.സ്വ.ഭ.വ. ഉത്തരവുകൾ പ്രകാരം സംസ്ഥാന ഇലക്ഷൻ കമ്മീഷന് വാഹനം വാങ്ങുന്നതിന് 20,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ.എം.2/21/2017/ത.സ്വ.ഭ.വ. തീയതി 1-2-2019)

**ശിപാർശ**

**സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും പുതുതായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2015-ാമാണ്ടിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. പ്രസ്തുത തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെ വിവിധ ചെലവുകൾ വഹിക്കുന്നതിലേക്ക് അനുവദിച്ച 70 കോടി രൂപ പര്യാപ്തമല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാനത്തെ 1400-ഓളം വരുന്ന ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷൻ എന്നിവയിൽ പൊതുതെരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിനായി ഈ ശീർഷകത്തിൽ 40,00,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായി 70 കോടി രൂപ അനുവദിച്ചതിനുപുറമേ G. O. (Rt.) 9094/15/Fin. Dated 16-10-2015 ഉത്തരവ് പ്രകാരം Additional authorization-ലൂടെ 10 കോടി രൂപയും G. O. (Rt.) 9416/2015/Fin. Dated 28-10-2015 ഉത്തരവ് പ്രകാരം Additional authorization ലൂടെ 12 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ.എം.2/21/2017/ത.സ്വ.ഭ.വ. തീയതി 1-2-2019)

**ശിപാർശ**

**2015-ലെ തെരഞ്ഞെടുപ്പിന് മുന്നോടിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുന്നതിനായാണ് 5-1-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ഡീ-ലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി നടപ്പ് വർഷം വെറും 5,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇത് തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലെ ഉപശീർഷകങ്ങളിൽ ചുവടെ പറയും പ്രകാരം തുക അധികം ചേർത്ത് ആകെ 40,10,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:**

| | | | |
|---|---|---|---|
| 01-ശമ്പളം | | - | 18,00,000 രൂപ |
| 02-വേതനം | | - | 4,00,000 രൂപ |
| 04-യാത്രാച്ചെലവുകൾ | | - | 2,00,000 രൂപ |
| 05-ഓഫീസ് ചെലവുകൾ | -1 വെള്ളക്കരം | - | 10,000 രൂപ |
| | -2 വൈദ്യുതി ചെലവ് | - | 50,000 രൂപ |
| | -3 ടെലഫോൺ ചെലവ് | - | 50,000 രൂപ |
| | -4 മറ്റിനങ്ങൾ | - | 4,00,000 രൂപ |
| -06 വാടക, കരം, നികുതി | | - | 4,00,000 രൂപ |
| 34-മറ്റു ചെലവുകൾ | | - | 6,00,000 രൂപ |
| 45-പി.ഒ.എൽ. | | - | 1,00,000 രൂപ |
| ആകെ | | - | 40,10,000 രൂപ |

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

ഡീ-ലിമിറ്റേഷൻ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി സമിതി ശിപാർശ ചെയ്ത തുകകൾ അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എം.2/21/2017/ത.സ്വ.ഭ.വ. തീയതി 1-2-2019)

**ശിപാർശ**

**ഈ ശീർഷകത്തിൽ കീഴിലുള്ള 02-വേതനം, 06-വാടക, കരം നികുതി, 21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിനങ്ങളിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 02-വേതനം എന്ന ഇനത്തിൽ 10,00,000 രൂപയും 06-വാടക, കരം നികുതി എന്ന ഇനത്തിൽ 2,50,000 രൂപയും 21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ 2,92,000 രൂപയുംകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 67)

<u>സ്വീകരിച്ച നടപടി</u>

| ശീർഷകം | അധിക വിഹിതം | ഉത്തരവ്/തീയതി |
|---|---|---|
| 2058-00-001-99-02-വേതനം | അധിക തുക അനുവദിച്ചിട്ടില്ല | |
| 2058-00-001-99-06-വാടക, കരം, നികുതി | 2,02,000 രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട് | 4-12-2015-ലെ സ. ഉ. (സാധാ.) 105/33/15/ധന. നമ്പർ ഉത്തരവ് |
| 2058-00-001-99-21-2 മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | 10,000 രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട് | 4-12-2015-ലെ സ. ഉ. (സാധാ.) 105/33/15/ധന. നമ്പർ ഉത്തരവ് |

താഴെപ്പറയുന്ന ശീർഷകങ്ങളിൽ അതിനെതിരെ കാണിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം അധികവിഹിതം അനുവദിച്ചിരുന്ന വിവരം കൂടി അറിയിക്കുന്നു:

| ശീർഷകം | അധിക വിഹിതം | ഉത്തരവ്/തീയതി |
|---|---|---|
| 02-ജീവനക്കാരുടെ വേതനം ബഡ്ജറ്റ് വിഹിതം 27,00,000 രൂപ (നോൺ പ്ലാൻ) | 8,00,000 രൂപ അധികധനാനുമതിയായി അനുവദിച്ചിട്ടുണ്ട് | 21-1-2016-ലെ 589/2016/ധന. നമ്പർ ഉത്തരവ് |
| 06-വാടക, കരം, നികുതി ബഡ്ജറ്റ് വിഹിതം 5,00,000 രൂപ (നോൺ പ്ലാൻ) | 6535 രൂപ | 23-3-2016-ലെ 2825/2016/ധന. നമ്പർ ഉത്തരവ് |
| 21-2 മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും ബഡ്ജറ്റ് വിഹിതം 2,70,000 രൂപ (നോൺ പ്ലാൻ) | അനുവദിച്ചിട്ടില്ല | |

(സർക്കാർ കത്ത് നമ്പർ എച്ച്2/88/2019/ഉ.വി.വ. തീയതി 24-6-2019)

(കാലതാമസ പത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**സ്റ്റേഷനറി വകുപ്പിന് ഒരു പുതിയ കാർ വാങ്ങുന്നതിലേക്ക് 8,00,000 രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 68)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എച്ച്2/88/2019/ഉ.വി.വ. തീയതി 24-6-2019)

(കാലതാമസ പത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**ഈ ശീർഷകത്തിൻ കീഴിലെ താഴെപ്പറയുന്ന ഇനങ്ങളിൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു.**

(ഖണ്ഡിക 69)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്യാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എച്ച്2/88/2019/ഉ.വി.വ. തീയതി 24-6-2019)

(കാലതാമസ പത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**വകുപ്പിൽ സ്ഥാപിച്ചിട്ടുള്ള വെയ്ബ്രിഡ്ജ്, കമ്പ്യൂട്ടറുകൾ, ഇ.പി.എ.ബി.എക്സ്, പേപ്പർ ടെസ്റ്റിംഗ് ലാബ് എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഇതിലേക്ക് 1,50,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 70)

<u>സ്വീകരിച്ച നടപടി</u>

12-8-2015-ലെ സ. ഉ. (സാധാ.) 7369/15/ധന. നമ്പർ ഉത്തരവ് പ്രകാരം 50,000 രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. 27-2-2016-ലെ സ. ഉ. (സാധാ.) 1832/16/ധന. നമ്പർ ഉത്തരവ് പ്രകാരം 50,000 രൂപ പ്രസ്തുത ശീർഷകത്തിലേയ്ക്ക് റി-അപ്രോപ്രിയേറ്റ് ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എച്ച്2/88/2019/ഉ.വി.വ. തീയതി 24-6-2019)

(കാലതാമസ പത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**വിവിധ ഓഫീസുകൾക്ക് ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ, ഇലക്ട്രോണിക് വെയിംഗ് ബാലൻസ് എന്നിവ വാങ്ങി നൽകേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 17,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 71)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എച്ച്2/88/2019/ഉ.വി.വ. തീയതി 24-6-2019)

(കാലതാമസ പത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**2014-15 സാമ്പത്തിക വർഷത്തെ കടിശ്ശിക തീർക്കുന്നതിനും ഗവൺമെന്റ് പ്രസ്സുകൾക്ക് അച്ചടിയ്ക്കും സർക്കാർ ഓഫീസുകൾക്ക് ആവശ്യമുള്ള വിവിധതരം പേപ്പറുകളും സ്റ്റേഷനറി സാധനങ്ങളും വാങ്ങി നൽകുന്നതിനുമായി നിലവിലെ ബഡ്ജറ്റ് പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 25,50,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 72)

<u>സ്വീകരിച്ച നടപടി</u>

4-12-2015-ലെ സ. ഉ. (സാധാ.) 10533/15/ധന. നമ്പർ ഉത്തരവ് പ്രകാരവും, 16-2-2016-ലെ സ. ഉ. (സാധാ.) 1524/16/ധന. നമ്പർ ഉത്തരവ് പ്രകാരവും യഥാക്രമം 5 കോടി, 1 കോടി രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എച്ച്2/88/2019/ഉ.വി.വ. തീയതി 24-6-2019)

(കാലതാമസ പത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു).

**ശിപാർശ**

**കോഴിക്കോട് മേഖല സ്റ്റേഷനറി ഓഫീസിനും, വയനാട് ജില്ലാ സ്റ്റേഷനറി ഓഫിസിനും പുതിയ കെട്ടിടങ്ങൾ പണിയുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാണ്. ഈ ശീർഷകത്തിൽ 1,03,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 73)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എച്ച്2/88/2019/ഉ.വി.വ .തീയതി 24-6-2019)

(കാലതാമസ പത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു).

**ശിപാർശ**

**പേപ്പർ ടെസ്റ്റിംഗ് ലാബിന് ആവശ്യമായ ബെന്റിംഗ് സ്റ്റിഫ്നെസ്സ് ടെസ്റ്റർ (Bending Stiffness Tester) വാങ്ങുന്നതിന് 28,00,000 രൂപയും**

**കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി പുതിയ മെഷീനുകളും പ്രിന്ററുകളും വാങ്ങുന്നതിന് 8.6 ലക്ഷം രൂപയും ഉൾപ്പെടെ 33.6 ലക്ഷം രൂപ വകുപ്പ് ആവശ്യപ്പെട്ടതിൽ 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിക്കുന്നതിനായി വകുപ്പ് ആവശ്യപ്പെട്ട 8,60,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 74)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എച്ച്2/88/2019/ഉ.വി.വ. തീയതി 24-6-2019)

(കാലതാമസ പത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു).

<u>2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്</u>

**ശിപാർശ**

**2014-00-105-95-മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 36,60,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

| ക്രമ നമ്പർ | ശീർഷകം | ഉത്തരവ് നമ്പറും തീയതിയും | തുക (In Rs.) | റിമാർക്സ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 2014-00-105-95-02-Wages | സ. ഉ. (സാധാ.) നമ്പർ 9822/2016/ ധനകാര്യം, തീയതി 21-12-2016 | 12,00,000 | 4,20,975 രൂപ അഡീഷണൽ അലോട്ട്മെന്റിൽ നിന്നും ചെലവായിട്ടുണ്ട്. ആകെ ലഭിച്ച 20,00,000 രൂപയിൽ ബാലൻസ് തുകയായ 7,79,025 രൂപ ടി ശീർഷകത്തിൽ സറണ്ടർ ചെയ്തിട്ടുണ്ട് |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 2 | 2014-00-105-95-04-4-LTC | സ. ഉ. (സാധാ.) നമ്പർ 9822/2016/ ധനകാര്യം, തീയതി 21-12-2016 | 5,00,000 | 2016-17 സാമ്പത്തിക വർഷം 2014-00-105-95-04-4 LTC ശീർഷകത്തിൽ ഒന്നും ചെലവായിട്ടില്ല. ആകെ ലഭിച്ച 5,10,000 രൂപയും ടി ശീർഷകത്തിൽ സറണ്ടർ ചെയ്തിട്ടുണ്ട് |
| 3 | 2014-00-105-95-21-2-Repairs & Maintenance | സ. ഉ. (സാധാ.) നമ്പർ 1394/2017/ ധനകാര്യം, തീയതി 20-2-2017 | 80,000 | 53,550 രൂപ അഡീഷണൽ അലോട്ട്മെന്റിൽ നിന്നും ചെലവായിട്ടുണ്ട്. ആകെ ലഭിച്ച 1,60,000 രൂപയിൽ ബാലൻസ് തുകയായ 26,450 രൂപ ടി ശീർഷകത്തിൽ സറണ്ടർ ചെയ്തിട്ടുണ്ട്. |

(സർക്കാർ കത്ത് നമ്പർ 96541/സി5/2016/ആഭ്യന്തരം, തീയതി 2-4-2019)

(കാലതാമസ പത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു).

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

**ശിപാർശ**

**സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഇ-ഓഫീസ് പ്രവർത്തനം ആരംഭിക്കേണ്ടതിനാലും കൂടാതെ സ്റ്റേഷനറി വകുപ്പ് നാളിതുവരെ സൗജന്യമായി അനുവദിച്ചിരുന്ന പേപ്പർ ഉൾപ്പെടെയുള്ള സ്റ്റേഷനറി സാധനങ്ങൾക്ക് 2016-17 മുതൽ വില നൽകേണ്ടതിനാലും ഈ ഇനത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

വിഷയ നിർണ്ണയ സമിതി 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തിട്ടുള്ള '2015-00-101-99-34-3' എന്ന ശീർഷകത്തിൽ 25-5-2017-ലെ G. O. (Rt.) No. 4382/2017/Fin. നമ്പർ ഉത്തരവ് പ്രകാരം 2 ലക്ഷം രൂപ അധിക ധനാനുമതിവഴി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ.എം.2/197/2018/ത.സ്വ.ഭ.വ., തീയതി 28-1-2019)

**ശിപാർശ**

**2015-ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഇ.വി.എം. ചെക്കിംഗ് നടത്തിയതിന് ഇ.സി.ഐ.എൽ. എഞ്ചിനീയർമാർക്ക് കൊടുത്തു തീർക്കാനുള്ള ബാധ്യതയായ 70 ലക്ഷം രൂപയും, മട്ടന്നൂർ നഗരസഭാ പൊതു തെരഞ്ഞെടുപ്പിലേക്കും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഉപതെരഞ്ഞെടുപ്പുകൾക്കും കൂടാതെ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 6.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എം.2/197/2018/ത.സ്വ.ഭ.വ., തീയതി 28-1-2019)

**ശിപാർശ**

**അച്ചടിയും സ്റ്റേഷനറിയും നടത്തിപ്പിന് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:**

| | | |
|---|---|---|
| **04-യാത്രാചെലവുകൾ** | - | **6,25,000 രൂപ** |
| **05-ഓഫീസ് ചെലവുകൾ** | - | **4,50,000 രൂപ** |
| **26-ഔദ്യോഗികഭാഷാ പ്രയോഗം** | - | **5,000 രൂപ** |
| **21-1-വാഹനം വാങ്ങൽ** | - | **10,00,000 രൂപ** |
| **21-2-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപണികളും** | - | **1,62,000 രൂപ** |
| **45-പി.ഒ.എൽ.** | - | **2,93,000 രൂപ** |
| **99-വിവരസാങ്കേതിക വിദ്യ** | - | **19,99,000 രൂപ** |

(ഖണ്ഡിക 98)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എച്ച് 2/88/2019/ഉ.വി.വ., തീയതി 24-6-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലെ 19-സംരക്ഷണം എന്നയിനത്തിൽ 5,50,000 രൂപയും 19-യന്ത്രോപകരണങ്ങൾ എന്നയിനത്തിൽ 17,00,000 രൂപയും 24-സാധനസാമഗ്രികൾ എന്നയിനത്തിൽ 24,00,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 99)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എച്ച് 2/88/2019/ഉ.വി.വ., തീയതി 24-6-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

| | | |
|---|---|---|
| 01-6-ഓവർ ടൈം അലവൻസ് | - | 5,00,00,000 രൂപ |
| 05-4-മറ്റിനങ്ങൾ | - | 15,00,000 രൂപ |
| 02-വേതനം | - | 15,00,000 രൂപ |
| 18-സംരക്ഷണം | - | 60,00,000 രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 60,00,000 രൂപ |
| 24-സാധനസാമഗ്രികൾ | - | 1,50,00,000 രൂപ |

(ഖണ്ഡിക 100)

<u>സ്വീകരിച്ച നടപടി</u>

താഴെപ്പറയുന്ന ശീർഷകങ്ങളിൽ അതിനെതിരെ കാണിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം അധികവിഹിതം അനുവദിച്ചിരുന്ന വിവരം കൂടി അറിയിക്കുന്നു.

| ശീർഷകം | അധിക വിഹിതം | ഉത്തരവ്/തീയതി |
|---|---|---|
| 01-6-ഓവർടൈം അലവൻസ് | അനുവദിച്ചിട്ടില്ല | |
| 05-4-മറ്റിനങ്ങൾ | പത്ത് ലക്ഷം രൂപ അധിക ധനാനുമതിയായി ലഭിച്ചു | 14-3-2018-ലെ സ. ഉ. (സാധാ.) 2008/2018/ധന. നമ്പർ ഉത്തരവ് |
| 02-വേതനം | മുപ്പത് ലക്ഷം രൂപ അധിക ധനാനുമതിയായി ലഭിച്ചു | 18-11-2017-ലെ സ. ഉ. (സാധാ.) 8691/2017/ധന. നമ്പർ ഉത്തരവ് |
| 18-സംരക്ഷണം | അനുവദിച്ചിട്ടില്ല | |
| 21-1-മോട്ടോർ വാഹനങ്ങൾ വാങ്ങൽ | അനുവദിച്ചിട്ടില്ല | |
| 24-സാധനസാമഗ്രികൾ | അനുവദിച്ചിട്ടില്ല | |

(സർക്കാർ കത്ത് നമ്പർ എച്ച് 2/88/2019/ഉ.വി.വ., തീയതി 24-6-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**സ്റ്റേഷനറി ആസ്ഥാന കാര്യാലയത്തിൽ നിലവിലുള്ള ഗോഡൗണിന്റെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 28,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 114)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എച്ച് 2/88/2019/ഉ.വി.വ., തീയതി 24-6-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

<u>2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

**ശിപാർശ**

**കോളേജുകളിലും സ്കൂളുകളിലും യൂത്ത് പാർലമെന്റ് മത്സരം, സെമിനാർ, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, മോഡൽ പാർലമെന്റ് എന്നിവ അടക്കം നടപ്പ് വർഷം ലക്ഷ്യമിട്ടിരിക്കുന്ന പരിപാടികൾ പൂർത്തിയാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1,18,41,500 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുക അനുവദിക്കണമെന്ന വിഷയനിർണ്ണയ സമിതിയുടെ ശിപാർശ പരിശോധിച്ച ശേഷം 2018-19 വർഷം പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ ചെലവുകൾ പ്രസ്തുത വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. 2018-19 വർഷത്തെ ബജറ്റ് വിഹിതം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ ചെലവുകൾക്ക് പര്യാപ്തമായിരുന്നതായും ഈ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത പ്രകാരം 1,18,41,500 (ഒരു കോടി പതിനെട്ട് ലക്ഷത്തി നാല്പത്തിഒന്നായിരത്തി അഞ്ഞൂറ് രൂപാ മാത്രം) രൂപ അധികമായി അനുവദിക്കുകയുണ്ടായില്ല എന്നുമറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ പാകാവ-എ 2/29/2018-പാകാവ, തീയതി 21-6-2019)

**ശിപാർശ**

**നടപ്പുവർഷം നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടികൾ സുഗമമായി നടത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10,15,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'മികവിന്റെ കേന്ദ്രത്തിന്' [Centre for Excellence in Administrative Secretariat (CEAS)] 2018-19 സാമ്പത്തിക വർഷത്തിൽ പരിശീലനം നടത്തുന്നതിനുള്ള ഹാളിന്റെ ലഭ്യതക്കുറവും മറ്റുമുള്ള

കാരണങ്ങളാൽ ഉദ്ദേശിച്ച രീതിയിൽ പരിപാടികൾ സംഘടിപ്പിക്കുവാൻ സാധിച്ചില്ല. ആയതിനാൽ ടി വർഷത്തെ ബജറ്റ് വിഹിതമായ 5 ലക്ഷം രൂപ 2019 മാർച്ച് മാസത്തിലാണ് പൂർണമായി വിനിയോഗിച്ച് തീർത്തത്. അതിനാൽ അധികതുകയ്ക്കുള്ള ശിപാർശ സമർപ്പിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ ഡി.ആർ 11-1/5/2018/ഉ.ഭ.പ.വ., തീയതി 9-5-2019)

**ശിപാർശ**

**കമ്മീഷന് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി സെമിനാറുകൾ, ശില്പശാലകൾ എന്നിവ നടത്തുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 34-03-മറ്റിനങ്ങൾ എന്ന ഇനത്തിൽ 6 ലക്ഷം രൂപയും 99-വിവരസാങ്കേതിക വിദ്യ എന്ന ഇനത്തിൽ 2 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

മറ്റിനത്തിൽ 2018-19 സാമ്പത്തിക വർഷം G. O. (Rt.) No. 9122/2018/Fin. Dated 3-11-2018 ഉത്തരവ് പ്രകാരം 2,00,000 രൂപയും G. O. (Rt.) No. 1343/2019/Fin. Dated 22-2-2019 ഉത്തരവ് പ്രകാരം 2,00,000 രൂപയും ചേർത്ത് ആകെ 4,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ആയത് 2018-19 സാമ്പത്തിക വർഷത്തിൽ പര്യാപ്തമാണ്.

കമ്മീഷന്റെ പ്രവർത്തനങ്ങൾക്കുള്ള കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഐ.എം.ജി. ലഭ്യമാക്കിയിട്ടുണ്ടെന്നും ആയതിനാൽ വിവരസാങ്കേതിക വിദ്യ എന്ന ഇനത്തിൽ 2018-19 സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല എന്ന് കമ്മീഷൻ മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ.ആർ 12(1)/66/2017/ഉ.ഭ.പ.വ., തീയതി 3-4-2019)

**ശിപാർശ**

**ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടറുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും വകുപ്പിന്റെ വെബ് സൈറ്റിന്റെ നിർമ്മാണത്തിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 34 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

**2018-19 സാമ്പത്തിക വർഷത്തിൽ സമിതി ആവശ്യപ്പെട്ട 34 ലക്ഷം രൂപ ധന വകുപ്പ് അനുവദിച്ചു തന്നില്ല. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ 11-10-2018 മുതൽ 31-5-2019 വരെയുള്ള ഡയറക്ടറുടെ ശമ്പളത്തിന് മാത്രമായി ധന വകുപ്പ് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.**

(സർക്കാർ കത്ത് നമ്പർ ബി.പി.ഇ 3/51/2018-PLGED, തീയതി 24-6-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**സർക്കാരിന്റെ പുതിയ പരിശീലന നയത്തിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനും പരിശീലന സ്ഥാപനങ്ങളുടെയും ഫാക്കൽറ്റികളുടെയും സൗകര്യങ്ങളും മികവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ച ശേഷം പരിശീലന പരിപാടികളുടെ നടത്തിപ്പിന്റേയും ചെലവുകളുടെയും വിശദാംശങ്ങൾ സഹിതം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ഭരണ വകുപ്പ് ലഭ്യമാക്കുന്ന ശിപാർശ സംസ്ഥാനത്തിന്റെ വിഭവലഭ്യത കൂടി കണക്കിലെടുത്ത് പരിഗണിക്കുന്നതാണ് എന്ന വിവരം ഐ.എം.ജി.യെ അറിയിച്ചിരുന്നു.

കൂടാതെ 2018-ലെ പ്രളയത്തെതുടർന്നുണ്ടായ 20% Plan Cut & Reprioritisation-ന്റെയും അടിസ്ഥാനത്തിൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം വകയിരുത്തുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 68/എ.ആർ.13(1)/2018/ഉ.ഭ.പ.വ., തീയതി 6-6-2019)

**ശിപാർശ**

**2017-18 വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് നടത്തിവരുന്ന വിവിധ പ്രോജക്ടുകളുടെ തുടർപ്രവർത്തനത്തിനും, നടപ്പുവർഷം ആസൂത്രണം ചെയ്ത പ്രകാരമുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധികതുക ഉപയോഗിച്ച് സി-ഡിറ്റ് നടപ്പാക്കാൻ ഉദ്ദേശിച്ച പദ്ധതികൾ 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ സാധിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി-സി1/30/എ 8-വി.സാ.വ., തീയതി 1-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**ജീവനക്കാരുടെ വേതനം, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വാഹനങ്ങളുടെ ഇന്ധന ചെലവ് എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

| | | |
|---|---|---|
| 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 8,00,000 രൂപ |
| 02-5-ദിവസ വേതനം | - | 20,00,000 രൂപ |
| 45-പി.ഒ.എൽ. | - | 4,88,000 രൂപ |

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 2018-19 സാമ്പത്തിക വർഷം G. O. (Rt.) No. 389/2019/Fin. Dated 17-1-2019 ഉത്തരവ് പ്രകാരം 1,32,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ആയത് 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് പര്യാപ്തമാണ്.

ദിവസ വേതനം ഇനത്തിൽ 2018-19 സാമ്പത്തിക വർഷം G. O. (Rt.) No. 9399/2018/Fin. dated 14-11-2018 ഉത്തരവ് പ്രകാരം 33,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ആയത് 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് പര്യാപ്തമാണ്.

വാഹനങ്ങളുടെ ഇന്ധന ചെലവ് ഇനത്തിൽ 2018-19 സാമ്പത്തിക വർഷം G. O. (Rt.) No. 10400/2018/Fin. Dated 19-12-2018 ഉത്തരവ് പ്രകാരം 2,50,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ആയത് 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് പര്യാപ്തമാണ്.

(സർക്കാർ കത്ത് നമ്പർ എ.ആർ12(2)/25/2018/ഉ.ഭ.പ.വ., തീയതി 5-4-2019)

**ശിപാർശ**

**1959-ലെ കേരള കോടതി ഫീസും വ്യവഹാരസലയും ആക്ടിലെ 76-ാം വകുപ്പ് പ്രകാരം നിയമസഹായ നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ട തുക പൂർണ്ണമായും ലഭിക്കുന്നതിന് 9,79,56,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തികവർഷം നിയമസഹായനിധിയിലേയ്ക്ക് 9,79,56,000 രൂപ അധികമായി അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്, എന്നാൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 6 കോടി രൂപ വിനിയോഗിച്ചതിനുശേഷം മുൻസാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ ഒടുക്കിയ തുകയുടെയും റിലീസ് ചെയ്ത തുകയുടെയും വിശദാംശങ്ങൾ സഹിതം അധിക തുകയുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതിൻപ്രകാരം 19-11-2018 തീയതിയിലെ 10792/കെ.എൽ.ബി.എഫ്1/2018/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖാന്തരം മറുപടി നൽകിയിട്ടുള്ളതുമാണ്. എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് നിയമസഹായനിധിക്കുള്ള അധിക ധനസഹായം അടുത്ത വർഷം പരിഗണിക്കാവുന്നതാണെന്ന് 17-4-2019 തീയിതിയലെ 565937/EXP-B2/2017/Fin., (10792/KLBFI/18/Law) എന്ന റിമാർക്ക്സ് പ്രകാരം ധനകാര്യ വകുപ്പ് ഈ വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്.

(സർക്കാർ കത്ത് നമ്പർ 7536/പാർല/2018/നിയമം, തീയതി 12-7-2019)

**ശിപാർശ**

**കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിലും അതിന്റെ ജില്ലാ താലൂക്ക് ഓഫീസുകളിലും ഉള്ള രണ്ട് ജില്ലാ ജഡ്ജിമാരുടെയും 14 സബ് ജഡ്ജിമാരുടെ റാങ്കിൽ വരുന്ന ജുഡീഷ്യൽ ഓഫീസർമാരുടെയും, 222 ജീവനക്കാരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 2,40,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

കെൽസ ആവശ്യപ്പെടാത്തതിനാൽ തുകയൊന്നും അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 7536/പാർല/2018/നിയമം, തീയതി 12-7-2019)

**ശിപാർശ**

**കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിലെ 222 ജീവനക്കാരും, രണ്ട് ജില്ലാ ജഡ്ജിമാരുടെയും, 14 സബ് ജഡ്ജിമാരുടെയും, എക്സിക്യൂട്ടീവ് ചെയർമാന്റെയും യാത്രാബത്ത ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

കെൽസ ആവശ്യപ്പെടാത്തതിനാൽ തുകയൊന്നും അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 7536/പാർല/2018/നിയമം, തീയതി 12-7-2019)

**ശിപാർശ**

**നിയമ സേവന അതോറിറ്റിയിലെ ജുഡീഷ്യൽ ഓഫീസർമാരുടെയും ജീവനക്കാരുടെയും സ്ഥലംമാറ്റബത്ത ഇനത്തിൽ 90,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

കെൽസ ആവശ്യപ്പെടാത്തതിനാൽ തുകയൊന്നും അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 7536/പാർല/2018/നിയമം, തീയതി 12-7-2019)

**ശിപാർശ**

**ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ശീർഷകത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

കെൽസ ആവശ്യപ്പെടാത്തതിനാൽ തുകയൊന്നും അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 7536/പാർല/2018/നിയമം, തീയതി 12-7-2019)

**ശിപാർശ**

**താഴെപ്പറയുന്ന ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങൾക്ക നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:**

(ഖണ്ഡിക 31)

| ശിപാർശ | സ്വീകരിച്ച നടപടി |
|---|---|
| 2014-00-114-93-04-05-3 ടെലിഫോൺ ചെലവ് - 3,00,000 രൂപ | കെൽസ ആവശ്യപ്പെടാത്തതിനാൽ തുകയൊന്നും അനുവദിച്ചിട്ടില്ല |
| 2014-00-114-93-04-05-4 മറ്റിനങ്ങൾ - 3,00,000 രൂപ | 5,00,000<br>ഉത്തരവ് (സാധാ.) നമ്പർ 10585/2018/ഫിൻ., തീയതി 26-12-2018 പ്രകാരം അനുവദിച്ചു |
| 2014-00-114-93-04-06 വാടക, കരം, നികുതി - 6,50,000 രൂപ | 10,00,000<br>ഉത്തരവ് (സാധാ.) നമ്പർ 10585/2018/ഫിൻ., തീയതി 26-12-2018 പ്രകാരം അനുവദിച്ചു |
| 2014-00-114-93-04-21-1 - മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ - 1,12,00,000 രൂപ | കെൽസ ആവശ്യപ്പെടാത്തതിനാൽ തുകയൊന്നും അനുവദിച്ചിട്ടില്ല |
| 2014-00-114-93-04-21-2 - സംരക്ഷണവും അറ്റകുറ്റപ്പണികളും - 1,80,000 രൂപ | കെൽസ ആവശ്യപ്പെടാത്തതിനാൽ തുകയൊന്നും അനുവദിച്ചിട്ടില്ല |
| 2014-00-114-93-04-34-3 - മറ്റിനം - 7,00,00,000 രൂപ | 25,00,000<br>ഉത്തരവ് (സാധാ.) നമ്പർ 10585/2018/ഫിൻ., തീയതി 26-12-2018 പ്രകാരം അനുവദിച്ചു |

(സർക്കാർ കത്ത് നമ്പർ 7536/പാർല/2018/നിയമം, തീയതി 12-7-2019)

**ശിപാർശ**

**ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

| | | |
|---|---|---|
| 01-2-ശമ്പളം - ക്ഷാമബത്ത | - | 3.57,000 രൂപ |
| 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 80,000 രൂപ |
| 04-1-യാത്രാബത്ത | - | 6,000 രൂപ |
| 04-2-സ്ഥലം മാറ്റബത്ത | - | 9,000 രൂപ |
| 04-4-അവധിയാത്രാനുകൂല്യം | - | 90,000 രൂപ |
| 05-2-വൈദ്യുതി ചെലവ് | - | 5,000 രൂപ |
| 05-3-ടെലിഫോൺ ചെലവ് | - | 15,000 രൂപ |
| 05-4-മറ്റിനം | - | 45,000 രൂപ |

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

(01-2) ക്ഷാമബത്ത, (01-4) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, (04-1) യാത്രാബത്ത, (04-2) സ്ഥലം മാറ്റബത്ത, (04-4) അവധിയാത്രാനുകൂല്യം, (05-2) വൈദ്യുതി ചെലവ്, (05-3) ടെലിഫോൺ ചെലവ്, (05-4) മറ്റിനങ്ങൾ എന്നീ ശീർഷകങ്ങളിൽ ആകെ 6,07,000 രൂപ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. എങ്കിലും തുകയൊന്നും കെൽസ ആവശ്യപ്പെടാത്തതിനാൽ അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 7536/പാർല/2018/നിയമം, തീയതി 12-7-2019)

**ശിപാർശ**

**നിയമ വകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലം, ഗവ. പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസവേതനം, ഇന്ധനച്ചെലവ്, വാഹനങ്ങളുടെ ഇൻഷ്വറൻസ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണി എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

ബഹു. വിഷയ നിർണ്ണയ സമിതിയുടെ മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ "2014-00-114-98" എന്ന ശീർഷകത്തിൻ കീഴിൽ വരുന്ന ബന്ധപ്പെട്ട ശീർഷകത്തിൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പിന് അധിക തുക അനുവദിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിച്ച് 20-4-2018-ലെ 9267/എം.സി.1/2018/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. ബഡ്ജറ്റ് അലോട്ട്മെന്റിനു പുറമെ 2018-19 സാമ്പത്തിക വർഷത്തിൽ 41,14,000 രൂപ ഈ ശീർഷകത്തിൽ അധിക ധനമായി ധനവകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 7536/പാർല/2018/നിയമം, തീയതി 12-7-2019)

**ശിപാർശ**

**നിയമപരിഷ്കരണ കമ്മീഷൻ ഓഫീസ് പ്രവർത്തനത്തിനായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 94,64,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 35141/2018/ധനം തീയതി 21-4-2018 പ്രകാരം 94,65,000 രൂപ കമ്മീഷന്റെ പ്രവർത്തനത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

(സർക്കാർ കത്ത് നമ്പർ 7536/പാർല/2018/നിയമം, തീയതി 12-7-2019)

**ശിപാർശ**

**കമ്മീഷൻ ഓഫീസിൽ ജോലി ചെയ്യുവരുന്ന 5 ജീവനക്കാർക്ക് വേതനം നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിലെ കരാർ തൊഴിലാളികൾക്ക് consolidated pay ഇനത്തിൽ വേതനം അനുവദിക്കുന്നതിലേയ്ക്കായി 18-5-2018-ലെ

സ. ഉ. (സാധാ.) നമ്പർ 4285/2018/ധന. പ്രകാരം 2015-00-101-99-02-4 (NV) എന്ന ശീർഷകത്തിനു കീഴിൽ 11,16,000 (പതിനൊന്നു ലക്ഷത്തി പതിനാറായിരം രൂപ) അധിക ധനാനുമതി വഴി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഇ.എം2/198/18/ത.സ്വ.ഭ.വ., തീയതി 28-3-2019)

**ശിപാർശ**

**സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഇ-ഓഫീസ് പ്രവർത്തനം ആരംഭിക്കേണ്ടതിനാലും കൂടാതെ സ്റ്റേഷനറി വകുപ്പ് നാളിതുവരെ സൗജന്യമായി അനുവദിച്ചിരുന്ന പേപ്പർ ഉൾപ്പെടെയുള്ള സ്റ്റേഷനറി സാധനങ്ങൾക്ക് 2016-2017 മുതൽ വില നൽകേണ്ടതിനാലും ഈ ഇനത്തിൽ ഒരു ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിക്കുന്നതിനു വേണ്ടി കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ 13-12-2018-ലെ എ 2-2270-17 എസ്.ഇ.സി. കത്ത് പ്രകാരം ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ഈ ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എം2/198/18/ത.സ്വ.ഭ.വ., തീയതി 17-7-2019)

**ശിപാർശ**

**2019-ലെ ലോക് സഭാ തെരഞ്ഞെടുപ്പിന്റെ പ്രാരംഭ ചെലവുകൾക്കായും വോട്ടിംഗ് മെഷീനുകൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനും അവ സൂക്ഷിക്കുന്നതിനും അവയുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17.75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധികമായി 10,00,00,000 രൂപ ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 1073/ഇ.എ 1/2018/ഇലക്., തീയതി 7-6-2019)

**ശിപാർശ**

**സംസ്ഥാന നിയമസഭയിലേയ്ക്ക് ഏതെങ്കിലും വിശേഷാൽ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് നടത്താനിടയായാൽ ആയതിലേയ്ക്കുള്ള ചെലവുകൾ വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. നിലവിൽ ചെങ്ങന്നൂർ നിയമസഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധികമായി 1,41,41,000 രൂപ ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 1073/ഇ.എ 1/2018/ഇലക്. തീയതി 7-6-2019)

**ശിപാർശ**

**2015-ലെ പൊതു തെരഞ്ഞെടുപ്പിനായി ബന്ധപ്പെട്ട ഇ.വി.എം. മെഷീൻ വാങ്ങിയതിന് ഇ.സി.ഐ.എൽ-ന് കൊടുത്തുതീർക്കാനുള്ള ബാധ്യതയായ 7.95 കോടി രൂപ കൊടുത്തു തീർക്കുന്നതിനും 2018-19-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുനടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും 2019-ലെ തെരഞ്ഞെടുപ്പിലേയ്ക്കായി പുതിയ 7500 ഇ.വി.എം. മെഷീൻ വാങ്ങുന്നതിനും, ആയതിന്റെ വെയർഹൗസ് ചെലവുകൾ, ഫസ്റ്റ് ലെവൽ ചെക്കിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 18,88,19,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

2015-ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇ.വി.എം. മെഷീൻ വാങ്ങിയതിന് ഇ.സി.ഐ.എൽ-ന് കൊടുത്തുതീർക്കാനുള്ള ബാധ്യതയായ 7.95 കോടി രൂപ കൊടുത്തു തീർക്കുന്നതിന് സർക്കാർ 28-3-2018-ലെ G. O. (P) No. 51/2018/Fin. പ്രകാരം കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ STSB-701041400000114 അക്കൗണ്ടിൽ നിന്നും തിരിച്ച് പിടിച്ച 1084,22,480 രൂപയിൽ നിന്ന് 17-9-2018-ലെ

സർക്കാർ ഉത്തരവ് നമ്പർ G. O. (Ms.) No. 346/2018/Fin. പ്രകാരം 5 കോടി രൂപയും 21-11-2018-ലെ സർക്കാർ ഉത്തരവ് നമ്പർ G. O. (Ms.) No. 440/2018/Fin. പ്രകാരം 2.95 കോടി രൂപയും ഉൾപ്പെടെ ആകെ 7.95 കോടി രൂപ സർക്കാർ കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ STSB-701041400000114 അക്കൗണ്ടിലേയ്ക്ക് തിരിച്ച് വന്നിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് ഇ.സി.ഐ.എൽ.-ന് കൊടുത്തു തീർക്കാനുള്ള ബാധ്യത ഒഴിവാക്കിയിട്ടുണ്ട്.

2018-19-ലെ ഉപതെരഞ്ഞെടുപ്പ് ചെലവുകൾക്കായി 25-4-2018-ലെ സർക്കാർ ഉത്തരവ് നമ്പർ G. O. (Rt.) No. 3673/2018/Fin. പ്രകാരം 50 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ പുതിയ 7500 ഇ.വി.എം. മെഷീൻ വാങ്ങുന്നതിനും ആയതിന്റെ വെയർഹൗസ് ചെലവുകൾക്കും ഫസ്റ്റ് ലെവൽ ചെക്കിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഇ.എം2/198/ത.സ്വ.ഭ.വ., തീയതി 17-7-2019)

**ശിപാർശ**

**ബ്യൂറോയുടെ നവീകരണത്തിനും സുഗമമായ പ്രവർത്തനത്തിനുമായി, സെർവർ അഡ്മിനിസ്ട്രേഷൻ, സോഫ്റ്റ് വെയർ, എ.എം.സി, പുതിയ മൊഡ്യൂളുകൾ എന്നിവയ്ക്കായി 10 ലക്ഷം രൂപയും, ഓഫീസ് ആവശ്യത്തിലേയ്ക്കായി പുതിയ 14 വാഹനങ്ങൾ വാങ്ങുന്നതിന് 10 ലക്ഷം രൂപയും, ഇൻഫ്രാസ്ട്രക്ചർ ലോജിസ്റ്റിക്കിനായി 10 ലക്ഷം രൂപയും തിരുവനന്തപുരം വിജിലൻസ് കോംപ്ലക്സിന്റെ ആദ്യഘട്ട നിർമ്മാണത്തിനായി 1 കോടി രൂപയും ഉത്തരമേഖലാ വിജിലൻസ് ഓഫീസിൽ ലിഫ്റ്റ് അനുവദിക്കുന്നതിനായി 51 ലക്ഷം രൂപയും അടക്കം ഈ ശീർഷകത്തിൽ 1.81 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 88)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 89)

<u>സ്വീകരിച്ച നടപടി</u>

7-1-2019-ലെ സ. ഉ. (സാധാ.) 150/19/ധന. സർക്കാർ ഉത്തരവ് പ്രകാരം 2062-00-104-99-04-2 സ്ഥലംമാറ്റബത്ത എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 19-1-2019 തീയതിയിലെ സ. ഉ. (സാധാ.) നം. 460/19/ധന. ഉത്തരവ് പ്രകാരം 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 90)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 15 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 91)

<u>സ്വീകരിച്ച നടപടി</u>

19-1-2019-ലെ സ. ഉ. (സാധാ.) 460/2019 ധന. ഉത്തരവ് പ്രകാരം 05-4 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും 19-3-2019-ലെ സ. ഉ. (സാധാ.) നമ്പർ 2032/19/ധന. ഉത്തരവ് പ്രകാരം 3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 8 ലക്ഷം രൂപ അധികം അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മലപ്പുറം SIU I, SIU II, Spl.Cell Tvm, TSR, IDK, TVM, ALA, KKD, ALA, TSRY തുടങ്ങിയ ഓഫീസുകളുടെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 92)

<u>സ്വീകരിച്ച നടപടി</u>

31-1-2019 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 721/19/ധന. ഉത്തരവ് പ്രകാരം 2062-104-99-06-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ അധികം അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ ഔദ്യോഗിക വസതിയുടെ വാടക ഇനത്തിൽ പ്രതി വർഷം 2,40,000 രൂപ ചെലവ് വരുമെന്നും ആയതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തുന്നു. ആതിനാൽ വാടക പൂർണ്ണമായും നൽകുന്നതിനായി ഈ ശീർഷകത്തിൽ 39,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 93)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**വകുപ്പ് മേധാവിയായ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ 1,18,358 രൂപയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകളും സ്റ്റാഫുകളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകളും മാറിക്കൊടുക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 94)

<u>സ്വീകരിച്ച നടപടി</u>

9-10-2018 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 8372/2018/ധന. ഉത്തരവ് പ്രകാരം 2062-00-105-94-01-04 (മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്) എന്ന ശീർഷകത്തിൽ 1,00,000 രൂപ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**സാക്ഷിപ്പടി കുടിശ്ശിക, 2010 മുതലുള്ള ലാ ജേർണൽ ബൈൻഡിംഗ് ചാർജ്ജ് എന്നിവ കൊടുത്ത് തീർക്കുവാൻ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 50,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 95)

<u>സ്വീകരിച്ച നടപടി</u>

6-10-2018 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 8286/2018/ധന. ഉത്തരവ് പ്രകാരം 2062-00-105-94-05-04(മറ്റിനങ്ങൾ) എന്ന ശീർഷകത്തിൽ അധിക ധന വിനിയോഗ ത്തിലൂടെ 50,000 രൂപയും, 12-1-2019 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 267/2019/ധന. ഉത്തരവ് പ്രകാരം 2062-00-105-94-05-04(മറ്റിനങ്ങൾ) എന്ന ശീർഷകത്തിൽ 20,000 രൂപ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി.തീയതി 14-6-2019)

**ശിപാർശ**

**നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കമ്പ്യൂട്ടർവൽക്കരണത്തിലേയ്ക്കായി 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 96)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 1,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 97)

**കേസുകളുടെ സൗകര്യാർത്ഥം മാസം തോറും നാലോ അഞ്ചോ തവണ എറണാകുളം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ കോടതിയുടെ ക്യാംപ് സിറ്റിംഗ് നടത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 32,000 രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 98)

**നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 99)

<u>സ്വീകരിച്ച നടപടി</u>

30-10-2018 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 8959/2018/ധന. ഉത്തരവ് പ്രകാരം 2062-00-105-04-01-Tour TA എന്ന ശീർഷകത്തിൽ 15,000 രൂപയും -45-POL എന്ന ശീർഷകത്തിൽ 15,000 രൂപയും ഉൾപ്പെടെ ആകെ 30,000 രൂപ അധിക ധന വിനിയോഗത്തിലൂടെ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**ഓഫീസ് കെട്ടിടത്തിന്റെ 20-2-2016 മുതലുള്ള വാടക കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 100)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**പുതിയ ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങൽ, കമ്പ്യൂട്ടർ ശൃംഖലയുടെ നവീകരണം, ജീവനക്കാരുടെ യാത്രാബത്ത, മറ്റ് ഓഫീസ് ചെലവുകൾ എന്നീ ആവശ്യങ്ങൾക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 2,25,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 101)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി.തീയതി 14-6-2019)

**ശിപാർശ**

**ലോകായുക്ത, ഉപലോകായുക്ത, രജിസ്ട്രാർ, ഓഫീസ് സ്റ്റാഫ് എന്നിവർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിം മാറിക്കൊടുക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 102)

<u>സ്വീകരിച്ച നടപടി</u>

10-1-2019 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 229/2019/ധന. ഉത്തരവ് പ്രകാരം 2062-103-99-01-4-മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് (Non Plan-Charged) എന്ന ശീർഷകത്തിൽ 5,00,000 രൂപ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 103)

<u>സ്വീകരിച്ച നടപടി</u>

10-1-2019 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 229/2019/ധന. ഉത്തരവ് പ്രകാരം 2062-103-99-04-4-LTC (Non Plan-Charged) എന്ന ശീർഷകത്തിൽ 3,50,000 രൂപ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ ഔദ്യോഗിക വസതികളുടെയും ഓഫീസ് കെട്ടിടത്തിന്റെയും വാടകയിനത്തിലെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 9,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 104)

<u>സ്വീകരിച്ച നടപടി</u>

10-1-2019 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 229/2019/ധന. ഉത്തരവ് പ്രകാരം 2062-103-99-06-വാടക, കരം, നികുതി (Non Plan-Charged) എന്ന ശീർഷകത്തിൽ 3,00,000 രൂപ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**അടിയന്തര ആവശ്യം കണക്കിലെടുത്ത് പുതിയ വാഹനം വാങ്ങുന്നതിനും ലോകായുക്ത രജിസ്ട്രാറുടെ നിലവിലെ വാഹനം ഉപയോഗ്യമല്ലാത്തതിനാൽ ആയത് മാറ്റി പുതിയ വാഹനം വാങ്ങുന്നതിനായി 48,99,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 105)

<u>സ്വീകരിച്ച നടപടി</u>

10,00,000 രൂപ ധനകാര്യ വകുപ്പിന്റെ ഉപധനാഭ്യർത്ഥനവഴി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**2017-18 സാമ്പത്തിക വർഷത്തിൽ ഇതുവരെ 3,71,714 രൂപ ചെലവഴിച്ചിട്ടുള്ളതിനാലും ക്യാമ്പ് സിറ്റിംഗുകളുമായി ബന്ധപ്പെട്ട് ഓഫീസ് വാഹനങ്ങൾ നിരന്തരം ഉപയോഗിക്കുന്നതിനാലും വാഹനങ്ങളുടെ കാലപ്പഴക്കം കാരണത്താലും അറ്റകുറ്റപ്പണികൾക്ക് കൂടുതൽ തുക ചെലവാക്കുന്നതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2,28,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 106)

<u>സ്വീകരിച്ച നടപടി</u>

10-1-2019 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 229/2019/ധന. ഉത്തരവ് പ്രകാരം 2062-103-99-2 Repairs and Maintenance (Non Plan-Charged) എന്ന ശീർഷകത്തിൽ അധിക ധന വിനിയോഗത്തിലൂടെ 1,00,000 രൂപ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വി.ജി. തീയതി 14-6-2019)

**ശിപാർശ**

**ഐ.എം.ജി. തിരുവനന്തപുരം ആസ്ഥാനത്തും, കൊച്ചിയിലും കോഴിക്കോടുമുള്ള മേഖലാ കേന്ദ്രങ്ങളിലും ഹോസ്റ്റൽ സൗകര്യം വിപുലപ്പെടുത്തുക, ക്ലാസ്സ് റൂം സൗകര്യവും പരിശീലന ഉപകരണങ്ങളും മെച്ചപ്പെടുത്തുകയും വാങ്ങുകയും ചെയ്യുക, പുതിയ പരിശീലന നയത്തിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനവും ഓറിയന്റേഷൻ പരിശീലനവും നടപ്പിലാക്കാൻ പശ്ചാത്തല സൗകര്യം ഒരുക്കുക എന്നീ ആവശ്യങ്ങൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 117)

**ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളായ ഇ.പി.എഫ്., ഗ്രാറ്റുവിറ്റി, ചികിത്സാ ചെലവ് എന്നിവയും നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9,97,85,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 118)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള വിഹിതം വിനിയോഗിച്ച് തീർന്നതിനു ശേഷം ലഭ്യമാകുന്ന ശിപാർശ പരിശോധിച്ച് വിവിധ ഭരണ ചെലവുകൾ നേരിടുന്നതിനാവശ്യമായ അധിക വിഹിതം അനുവദിക്കാവുന്നതാണ് എന്ന വിവരം ഐ.എം.ജി.യെ അറിയിച്ചിരുന്നു.

കൂടാതെ 2018-ലെ പ്രളയത്തെത്തുടർന്നുണ്ടായ 20% Plan Cut & Reprioritisation-ന്റെയും അടിസ്ഥാനത്തിൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം വകയിരുത്തുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 68/എ.ആർ.13(1)/2018/ഉ.ഭ.പ.വ. തീയതി 6-6-2019)

**ശിപാർശ**

**പോലീസിനെയും അഗ്നിശമനസേനയെയും സഹായിക്കുന്നതിനായി നിലവിലുള്ള ഹോംഗാർഡുമാരുടെ എണ്ണം 3000-ൽ നിന്നും 5000 ആയി ഉയർത്തുന്നതിനും 685 രൂപ നിരക്കിൽ ഹോംഗാർഡുകൾക്ക് ദിവസ വേതനം നൽകുന്നതിനും തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിൽ വകവരുത്തിയ തുക കൊണ്ട് ഈ സാമ്പത്തികവർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാമ്പത്തിക വർഷം 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 119)

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ഉത്തരവ് (കൈ.) നമ്പർ 18/2019/ആഭ്യന്തരം തീയതി 2-2-2019 പ്രകാരം ഹോംഗാർഡുകളുടെ ദിവസവേതനം 750 രൂപയായും പരമാവധി പ്രതിമാസ വേതനം 21,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 8,44,00,000 രൂപകൂടി അഡീഷണൽ ഫണ്ടായി ടി ശീർഷകത്തിൽ അനുവദിക്കുകയും ഹോംഗാർഡുകൾക്ക് 2018-19 സാമ്പത്തിക വർഷത്തിലെ വേതനം പൂർണ്ണമായി നൽകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എഫ്2/115/2019-ആഭ്യന്തരം തീയതി 27-5-2019)

**ശിപാർശ**

**വാഹനങ്ങളുടെയും യന്ത്രസാമഗ്രികളുടെയും അഭാവം രക്ഷാ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ ബാധിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആധുനിക വാഹനങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിനായി ഈ ഇനത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 120)

<u>സ്വീകരിച്ച നടപടി</u>

വകുപ്പ് തലവന് ഔദ്യോഗിക ആവശ്യത്തിനായി ഒരു പുതിയ വാഹനം വാങ്ങുന്നതിനായി ടി ശീർഷകത്തിൽ ഒന്നാം ഘട്ടം ഉപധനാഭ്യർത്ഥനയിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിക്കുകയും 13,10,000 രൂപ അഡീഷണൽ ഫണ്ടായി വകയിരുത്തുകയും, ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സർക്കാർ കത്ത് നമ്പർ എഫ്2/115/2019/ആഭ്യന്തരം തീയതി 27-5-2019)

**ശിപാർശ**

**വെള്ളക്കരം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:**

| | | |
|---|---|---|
| 05-ഓഫീസ് ചെലവുകൾ 1-വെള്ളക്കരം | - | 25,00,000 രൂപ |
| 3-ടെലിഫോൺ ചാർജ്ജസ് | - | 5,00,000 രൂപ |
| 4-മറ്റിനങ്ങൾ | - | 20,00,000 രൂപ |
| 3-4-മറ്റ് ചെലവുകൾ-3 മറ്റിനം | - | 10,00,000 രൂപ |

(ഖണ്ഡിക 121)

<u>സ്വീകരിച്ച നടപടി</u>

05-ഓഫീസ് ചെലവുകൾ - 01 വാട്ടർ ചാർജ്ജിനത്തിൽ 3,00,000 രൂപകൂടി അഡീഷണൽ ഫണ്ടായി അനുവദിച്ചിട്ടുണ്ട്. മറ്റ് ശീർഷകങ്ങളിൽ തുക ആവശ്യം വന്നില്ല.

(സർക്കാർ കത്ത് നമ്പർ എഫ്2/115/2019-ആഭ്യന്തരം തീയതി 27-5-2019)

**ശിപാർശ**

**അക്കാദമിയിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ദൈനംദിന ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി വിവിധ ശീർഷകങ്ങളിലായി അനുവദിച്ചിരിക്കുന്ന തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:**

| | | |
|---|---|---|
| 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 1,00,000 രൂപ |
| 05-ഓഫീസ് ചെലവുകൾ-1-വെള്ളക്കരം | - | 20,000 രൂപ |

| | | |
|---|---|---|
| 05-ഓഫീസ് ചെലവുകൾ 4-മറ്റിനങ്ങൾ | - | 50,000 രൂപ |
| 21-മോട്ടോർ വാഹനങ്ങൾ | - | 2,00,000 രൂപ |
| 34-മറ്റ് ചെലവുകൾ-3-മറ്റിനങ്ങൾ | - | 10,00,000 രൂപ |
| 45-പി.ഒ.എൽ | - | 2,00,000 രൂപ |

(ഖണ്ഡിക 122)

<u>സ്വീകരിച്ച നടപടി</u>

05-ഓഫീസ് ചെലവുകൾ - 01 വാട്ടർ ചാർജ്ജിനത്തിൽ 2,000 രൂപകൂടി അഡീഷണൽ ഫണ്ടായി അനുവദിച്ചിട്ടുണ്ട്. മറ്റ് ശീർഷകങ്ങളിൽ തുക ആവശ്യം വന്നില്ല.

(സർക്കാർ കത്ത് നമ്പർ എഫ്2/115/2019-ആഭ്യന്തരം തീയതി 27-5-2019)

**ശിപാർശ**

**അഗ്നിശമന സേനയുടെ നവീകരണത്തിനായി നടപ്പുവർഷം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള ബൃഹത്തായ കർമ്മ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സേനയെ ആധുനികവൽക്കരിക്കുന്നതിനും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 123)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല

(സർക്കാർ കത്ത് നമ്പർ എഫ്2/115/2019-ആഭ്യന്തരം തീയതി 27-5-2019)

**ശിപാർശ**

**2011-12 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 316 ലക്ഷം രൂപ അനുവദിച്ചതിൽ 52,32,502 രൂപ ചെലവാക്കിയതായും ഈ ശീർഷകത്തിൽ ബാക്കിയുള്ള 2,65,93,821 രൂപ ഭരണപരമായ കാലതാമസംമൂലം ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. എങ്കിലും**

**ഇക്കാര്യത്തിൽ തുടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നത് പരിഗണിച്ച് ഈ ശീർഷകത്തിൽ 2,65,94,000 രൂപ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 124)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ എഫ്2/115/2019-ആഭ്യന്തരം തീയതി 27-5-2019)

**ശിപാർശ**

**ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും വാടക അടക്കമുള്ള മറ്റ് അത്യാവശ്യ ഓഫീസ് ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ, താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

| | |
|---|---|
| 01-ശമ്പളം | - 1,25,000 രൂപ |
| 04-യാത്രാചെലവുകൾ | - 52,000 രൂപ |
| 05-ഓഫീസ് ചെലവുകൾ | - 2,73,000 രൂപ |
| 06-വാടക, കരം, നികുതി | - 15,000 രൂപ |
| 21-മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - 9,00,000 രൂപ |
| 26-ഔദ്യോഗിക ഭാഷാ പ്രയോഗം | - 10,000 രൂപ |

2070-00-119-97- ഭരണഭാഷ നടപ്പാക്കൽ വിഹിതം - 7,40,000/-രൂപ

(ഖണ്ഡിക 125)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷത്തിൽ "2070-00-119-98-04-1" എന്ന ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ അധിക ഫണ്ട് ആവശ്യപ്പെട്ടിരുന്നതും 22-3-2019-ലെ G. O. (Rt.) No. 2310/2019/Fin. പ്രകാരം പ്രസ്തുത ശീർഷകത്തിൽ 48,000 രൂപയും "2070-00-119-98-04-4" എന്ന ശീർഷകത്തിൽ

അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ അധിക ഫണ്ട് ആവശ്യപ്പെട്ടിരുന്നതും 15-9-2018-ലെ G. O. (Rt.) No. 7723/2018/Fin. പ്രകാരം പ്രസ്തുത ശീർഷകത്തിൽ 16,000 രൂപയും "2070-00-119-98-05-1" എന്ന ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ അധിക ഫണ്ട് ആവശ്യപ്പെട്ടിരുന്നതും 21-11-2018-ലെ G. O. (Rt.) No. 9568/2018/Fin. പ്രകാരം പ്രസ്തുത ശീർഷകത്തിൽ 3,000 രൂപയുംകൂടി അധികമായി അനുവദിച്ചിട്ടുള്ളതാണ്. മറ്റ് ശീർഷകങ്ങളിൽ സമിതി ശിപാർശ ചെയ്ത തുകകൾ അനുവദിച്ചിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ 7536/പാർല./2018/നിയമം തീയതി 12-7-2019)

**ശിപാർശ**

**കൗൺസിലിന്റെ കീഴിലുള്ള 7 ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ശാസ്ത്രജ്ഞരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും ശമ്പളപരിഷ്കരണ കുടിശ്ശികയും നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചിലവുകൾ വഹിക്കുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 22,11,10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 127)

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യപ്പെട്ടുകൊണ്ട് കൗൺസിൽ ശിപാർശ സമർപ്പിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ എ 2/219/2018-ശാ.സാ.വ. തീയതി 25-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും കൗൺസിലിനുകീഴിലെ ഗവേഷണ സ്ഥാപനങ്ങൾക്കായും കൗൺസിൽ നേരിട്ട് നടത്തുന്ന പരിപാടികൾക്കുമായി ഈ ശീർഷകത്തിൽ 13,61,06,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 128)

<u>സ്വീകരിച്ച നടപടി</u>

അടുത്ത ഗഡു, അധിക തുക എന്നിവ ആവശ്യപ്പെട്ടുകൊണ്ട് കൗൺസിൽ ശിപാർശ സമർപ്പിച്ചിട്ടില്ല. ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുമുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/219/2018-ശാ.സാ.വ. തീയതി 25-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**ജൈവ സാങ്കേതിക വിദ്യാവികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 220 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 129)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/219/2018-ശാ.സാ.വ തീയതി 25-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**കരമന നദീതടത്തെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും പദ്ധതി നടത്തിപ്പിനും സ്പിൽ ഓവർ നിർമ്മാണത്തിനുള്ള ചെലവുകൾ വഹിക്കുന്നതിനും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 130)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതിയ്ക്ക് ഭരണാനുമതി നൽകാത്തതിനാൽ ശീർഷകത്തിലേയ്ക്ക് അധിക തുക നൽകുന്ന വിഷയം പരിഗണിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/219/2018-ശാ.സാ.വ. തീയതി 25-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രത്യേക പരിപാടികളുടെ നടത്തിപ്പിനായി ഈ ഇനത്തിൽ 475 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 131)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/219/2018-ശാ.സാ.വ. തീയതി 25-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫലപ്രദമായ പ്രവർത്തനത്തിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3,500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 132)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എ 2/219/2018-ശാ.സാ.വ. തീയതി 25-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**നിലവിലുള്ള വാഹനങ്ങൾ കാലപ്പഴക്കം ചെന്നതായതിനാൽ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 133)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ട് ധനകാര്യ വകുപ്പിലേയ്ക്കയച്ച ഫയലിൽ 'നിലവിലെ ബഡ്ജറ്റ് പ്രൊവിഷൻ ഉപയോഗിച്ചതിന് ശേഷം അറ്റകുറ്റപ്പണികൾക്കായി അധിക തുക ആവശ്യമുണ്ടെങ്കിൽ ഫയൽ ലഭ്യമാക്കണമെന്ന്' ധനവകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഒരു വാഹനം ഇടുക്കി ജില്ലാ ഇൻഫർമേഷൻ ഓഫീസിന് നൽകുകയും രണ്ട് വാഹനങ്ങൾ കണ്ടം ചെയ്യാനുള്ള നടപടികൾ തുടങ്ങിയതിനാലും കൂടുതൽ തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/11/2018/ഐ.പി.ആർ. തീയതി 25-9-2019)

**ശിപാർശ**

**പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അഞ്ച് ഓഫീസുകളിലും ആറ് മേഖലാ ഓഫീസുകളിലും 12 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളാണുള്ളതെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ ജില്ലാ ഓഫീസുകളിലെ 5 വാഹനങ്ങൾക്കും മേഖലാ ഓഫീസുകളിലെ 6 വാഹനങ്ങൾക്കും പകരമായി പുതിയവ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 134)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ട് ധനകാര്യ വകുപ്പിലേയ്ക്കയച്ച ഫയലിൽ വാഹനം വാങ്ങുന്നതിന് പകരം ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനു നിർദ്ദേശിച്ചുകൊണ്ടുള്ള ധന വകുപ്പിന്റെ സർക്കുലർ പ്രകാരം ആയതിന്റെ സാധ്യതകൾ കൂടി പരിശോധിച്ചതിന് ശേഷം നിലവിൽ കണ്ടം ചെയ്യേണ്ട വാഹനങ്ങളുണ്ടെങ്കിൽ കണ്ടം ചെയ്യുന്നതിനായി മെക്കാനിക്കൽ വിഭാഗം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും അൺഇക്കണോമിക്ക് സർട്ടിഫിക്കറ്റ് ഉൾപ്പെടെ വ്യക്തമായ ശിപാർശ സമർപ്പിക്കണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച വരുന്നു.

(സർക്കാർ കത്ത് നമ്പർ ബി2/11/2018/ഐ.പി.ആർ. തീയതി 25-9-2019)

**ശിപാർശ**

**മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷ പരിപാടികൾ, അതുമായി ബന്ധപ്പെട്ട പരസ്യങ്ങൾ, കാമ്പെയിനുകൾ, സർക്കാരിന്റെ ഫ്ലാഗ്ഷിപ് പ്രോജക്ടുകളുടെ പ്രചാരണം, വരൾച്ച ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിലെ**

**ബോധവൽക്കരണ പരിപാടികൾ എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 135)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 7.2 കോടി രൂപയും 7.52 കോടി രൂപയും ഉൾപ്പെടെ 14.72 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/11/2018/ഐ.പി.ആർ., തീയതി 25-9-2019)

**ശിപാർശ**

**വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യക്കൂലി നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 136)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ രണ്ടാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 20 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടി തുക അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ ബി2/11/2018/ഐ.പി.ആർ., തീയതി 25-9-2019)

**ശിപാർശ**

**സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികളുടെ പ്രചാരണം, മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള പ്രചരണം, ശുദ്ധജലസംരക്ഷണം, വിവിധ നിയമങ്ങളുടെ ബോധവൽക്കരണം ഇടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 137)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം ജനപഥം അവാർഡ് എന്ന പദ്ധതിക്കായി എട്ടു ലക്ഷം രൂപ ചെലവഴിക്കാൻ ഭരണാനുമതി ലഭിച്ചിരുന്നു (സ. ഉ. (സാധാ.) നമ്പർ 240/2018/ഐ. & പി.ആർ. തീയതി 31-8-2018) എന്നാൽ പ്രളയ ദുരന്തത്തെ തുടർന്ന് പ്ലാൻ കട്ട് ഏർപ്പെടുത്തിയതിനാൽ തുക ചെലവഴിച്ചില്ല. അധിക തുക ധനവകുപ്പിനോട് ആവശ്യപ്പെട്ടിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/11/2018/ഐ.പി.ആർ., തീയതി 25-9-2019)

**ശിപാർശ**

**മുഖ്യമന്ത്രി നടത്തുന്ന പൊതുജന പരാതിപരിഹാര പരിപാടിയായ 'നാം മുന്നോട്ട്' എന്ന പ്രോഗ്രാം മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ദൂരദർശനപുറമേ 10 സ്വകാര്യ ചാനലുകളിൽ കൂടി സംപ്രേഷണം ചെയ്യുന്നതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 350 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 138)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധിക തുക അനുമതിയ്ക്കായി ധനവകുപ്പിനോട് ആവശ്യപ്പെടുകയും 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസം (30-3-2019) ധനവകുപ്പിൽ നിന്നും 2,57,43,000 രൂപ ലഭിക്കുകയുമുണ്ടായി. 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസമായതിനാൽ ways and means clearance വേണ്ടി വന്നതിനാൽ തുക വിനിയോഗിക്കുവാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ ബി2/11/2018/ഐ.പി.ആർ., തീയതി 25-9-2019)

**ശിപാർശ**

**പ്രവാസി മലയാളികൾക്കായി നോർക്ക വകുപ്പിനുകീഴിലുള്ള ധനസഹായ പദ്ധതിയായ സാന്ത്വന പദ്ധതിയിലേയ്ക്ക് അപേക്ഷിക്കുന്നവരുടെ എണ്ണം ഓരോ വർഷവും ക്രമാതീതമായി വർദ്ധിച്ച് വരുന്നതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 139)

<u>സ്വീകരിച്ച നടപടി</u>

സാന്ത്വന പദ്ധതിയ്ക്ക് പ്ലാൻ ഇനത്തിൽ 2018-19 ബഡ്ജറ്റിൽ 15 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ഇതു കൂടാതെ 2018-19 സാമ്പത്തിക വർഷം 10 കോടി രൂപ കൂടി സാന്ത്വന പദ്ധതിയുടെ 2230-01-103-39 എന്ന പ്ലാൻ ശീർഷകത്തിൽ അധികമായി അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ ബി1/79/2019/നോർക്ക തീയതി 28-5-2019)

**ശിപാർശ**

**കമ്മീഷനിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്കും പുതുതായി നിയമിക്കുന്ന ഉദ്യോഗസ്ഥർക്കും ശമ്പളം, യാത്രാബത്ത, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 140)

<u>സ്വീകരിച്ച നടപടി</u>

പ്രവാസി ഭാരതീയർ (കേരളീയർ) കമ്മിഷന് നോൺ പ്ലാൻ ഇനത്തിൽ 2018-19 ബഡ്ജറ്റിൽ 42.67 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഇതു കൂടാതെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ 2230-01-103-28 എന്ന നോൺ പ്ലാൻ ശീർഷകത്തിൽ 12.46 ലക്ഷം രൂപ അധികമായി അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ ബി1/79/2019/നോർക്ക തീയതി 28-5-2019)

**ശിപാർശ**

**പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് ആസ്ഥാന ഓഫീസിന്റെയും ജില്ലാ സെല്ലുകളും പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും ആയതിലേയ്ക്ക് നിലവിൽ വകയിരുത്തിയിരുന്ന വിഹിതം അപര്യാപ്തമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 141)

<u>സ്വീകരിച്ച നടപടി</u>

പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് ഓഫീസുകളും ജില്ലാ സെല്ലുകളും ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ 2230-01-103-12 എന്ന പ്ലാൻ ശീർഷകത്തിൽ 2018-19 ബഡ്ജറ്റിൽ 1 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ആയതിൽ നിന്ന് 91,42,742 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അധിക തുകയുടെ ആവശ്യകത വന്നിട്ടില്ലാത്തതാണ്.

(സർക്കാർ കത്ത് നമ്പർ ബി1/79/2019/നോർക്ക തീയതി 28-5-2019)

**ശിപാർശ**

**2018-19 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് സൈബർ പാർക്കിന്റെ ആദ്യ ഘട്ട സ്റ്റിൽ ഓവർ വർക്കുകളും രണ്ടാംഘട്ട (ഫേസ് II) വികസന പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിനോടൊപ്പം ഐ. ടി. കെട്ടിടത്തിന്റെ 3, 4 നിലകളുടെ പ്ലഗ് & പ്ലേ വർക്കുകളും സോളാർ പവർ പ്ലാൻ ആദ്യഘട്ട വർക്കുകളും, മൾട്ടിലെവൽ കാർ പാർക്കിംഗ് പ്രവർത്തനങ്ങളും ആരംഭിക്കേണ്ടതിനാൽ നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4,81,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 142)

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ നിലവിലെ പ്രത്യേക സാഹചര്യവും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്കുള്ളിൽ നിന്നു തന്നെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടി വന്നതിനാൽ അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.-സി1/30/2018 വി.സ.വ., തീയതി 1-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**ടെക്നോപാർക്കിന്റെയും ടെക്നോസിറ്റിയുടെയും സ്ഥലമെടുപ്പിനും വികസനത്തിനും വേണ്ടി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:**

**06-ഭൂമി ഏറ്റെടുക്കൽ ടെക്നോപാർക്കിന്റെയും ടെക്നോസിറ്റിയുടെയും ഘട്ടം I, II, III - 68,37,00,000 രൂപ**

**04-ടെക്നോസിറ്റി തിരുവനന്തപുരം - 5,00,00,000 രൂപ**

(ഖണ്ഡിക 143)

സ്വീകരിച്ച നടപടി

കേരളത്തിലെ നിലവിലെ പ്രത്യേക സാഹചര്യവും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്കുള്ളിൽ നിന്നു തന്നെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടി വന്നതിനാൽ അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.-സി1/30/2018 വി.സ.വ., തീയതി 1-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**ഇൻഫോപാർക്ക് രണ്ടാംഘട്ട വികസനത്തിനായി സ്ഥലം ഏറ്റെടുത്ത നടപടികളുമായി ബന്ധപ്പെട്ട കേസുകളുടെ തീർപ്പുകൾക്കായി ഈ ശീർഷകത്തിൽ 66,94,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 144)

സ്വീകരിച്ച നടപടി

കേരളത്തിലെ നിലവിലെ പ്രത്യേക സാഹചര്യവും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്കുള്ളിൽ നിന്നു തന്നെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടി വന്നതിനാൽ അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.-സി1/30/2018 വി.സ.വ., തീയതി 1-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**ഇൻഫോപാർക്കിന്റെ തൃശ്ശൂർ കൊരട്ടി ക്യാമ്പസിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ഫിറ്റ് ഔട്ട് പ്രവർത്തികൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 145)

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ നിലവിലെ പ്രത്യേക സാഹചര്യവും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്കുള്ളിൽ നിന്നു തന്നെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടി വന്നതിനാൽ അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.-സി1/30/2018 വി.സ.വ. തീയതി 1-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**ഇൻഫോപാർക്കിന്റെ ചേർത്തല ക്യാമ്പസിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ഫിറ്റ് ഔട്ട് പ്രവർത്തികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 146)

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ നിലവിലെ പ്രത്യേക സാഹചര്യവും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്കുള്ളിൽ നിന്നു തന്നെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടി വന്നതിനാൽ അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.-സി1/30/2018-വി.സ.വ., തീയതി 1-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസുകളുടെ നഷ്ടപരിഹാരം, ഐ.ടി. ബിൽഡിംഗിന്റെ നിർമ്മാണം തുടങ്ങിയ ചെലവുകൾ വഹിക്കേണ്ടതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 147)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്കുള്ളിൽ നിന്നുതന്നെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.-സി1/30/2018-വി.സ.വ., തീയതി 1-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

**ശിപാർശ**

**വിവരസാങ്കേതിക വിദ്യയുടെ നൂതനവും ഉന്നതനിലവാരമുള്ളതുമായ സാധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ കഴിവുകൾ വളർത്തുന്നതിന് ഉപകരിക്കുന്ന "സ്കിൽ ഡെലിവറി പ്ലാറ്റ് ഫോം" പദ്ധതി പൂർത്തീകരിക്കുന്നതിന് 1,202 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 148)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്കുള്ളിൽ നിന്നു തന്നെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.-സി1/30/2018-വി.സ.വ., തീയതി 1-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

**സർക്കാർ സ്ഥാപനങ്ങൾ തമ്മിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തമ്മിലും ബന്ധിപ്പിക്കുന്ന അതിവേഗ കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്കായ KFON പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 37 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

(ഖണ്ഡിക 149)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുള്ളിൽ നിന്നു തന്നെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നമ്പർ ഐ.ടി.-സി1/30/2018-വി.സ.വ., തീയതി 1-7-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

പിണറായി വിജയൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,

2020, ജൂലൈ 23.

അനുബന്ധം

## 24-6-2019 -ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2019 ജൂൺ 24, തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ മന്ദിരത്തിലെ 610-ാം നമ്പർ സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണിതാവായി ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ജെയിംസ് മാത്യു.
2. ഡോ. എം. കെ. മുനീർ.
3. ശ്രീ. സി. കെ. നാണു.
4. ശ്രീ. എ. പ്രദീപ്കുമാർ.
5. ശ്രീ. രാജു എബ്രഹാം
6. ശ്രീ. ആർ. രാമചന്ദ്രൻ.
7 ശ്രീ. രമേശ് ചെന്നിത്തല.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. രാജു. കെ. എ., ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ജി. എസ്. സുരേഷ്കുമാർ., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. എം. എസ്. ശ്രീകുമാർ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജി. കമലവർദ്ധന റാവു., പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. ബിശ്വനാഥ് സിൻഹ., പ്രിൻസിപ്പൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.
3. ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്., സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് & തദ്ദേശസ്വയംഭരണ വകുപ്പ്.
4. ശ്രീ. പി. വേണുഗോപാൽ., സെക്രട്ടറി, വിവര പൊതുജന സമ്പർക്ക വകുപ്പ്.
5. ശ്രീ. അരവിന്ദബാബു പി. കെ.., സെക്രട്ടറി, നിയമവകുപ്പ്.
6. ശ്രീ. എ. ഷാജഹാൻ., സെക്രട്ടറി, പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വകുപ്പ്.

7. ഡോ. ശർമ്മിള മേരി ജോസഫ്., സെക്രട്ടറി-ഇൻ-ചാർജ്, നോർക്ക വകുപ്പ്

8. ശ്രീ. എ. സന്തോഷ്., സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ.

9 ശ്രീ. ആർ. രാജശേഖരൻ നായർ., സ്പെഷ്യൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

10. ശ്രീ. വിജയകുമാർ റ്റി., സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.

11. ശ്രീ. എ. ഹേമചന്ദ്രൻ., ഡയറക്ടർ ജനറൽ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്.

12. ശ്രീ. എച്ച്. വെങ്കിടേഷ്., ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (വിജിലൻസ്).

13. ശ്രീ. അനിൽ കാന്ത്., ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ.

14. ശ്രീ. ജയ്സൂഖ് ലാൽ., സെക്രട്ടറി, കേരള സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി.

15. ശ്രീ. ജയകുമാരൻ നായർ ആർ., ചീഫ് കെമിക്കൽ എക്സാമിനർ.

16. ശ്രീമതി ഷൈനി ജോർജ്ജ്., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

17. ശ്രീമതി രാജശ്രീ. കെ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

18. ശ്രീമതി ലതി എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

19. ശ്രീമതി മിനി വി. ആർ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

20. ശ്രീ. താജുദ്ദീൻ എം., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

21. ശ്രീമതി കെ. ഷൈലശ്രീ., അഡീഷണൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

22. ശ്രീമതി ഷെർളി പി., അഡീഷണൽ സെക്രട്ടറി, ഇലക്ഷൻ വകുപ്പ്.

കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, ആനുകാലിക റിപ്പോർട്ടിന്റെയും ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെയും കരട് എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I. കരട് ചട്ടങ്ങൾ

### ധനകാര്യ വകുപ്പ്

1. ഫിനാൻഷ്യൽ അസിസ്റ്റന്റ്സ് ആന്റ് ഫിനാൻസ് ഓഫീസേഴ്സ് ഇൻ ദ വേരിയസ് ഡിപാർട്ട്മെന്റ്സ് ഓഫ് ദ സ്റ്റേറ്റ് ഓഫ് കേരള (അമെന്റ്മെന്റ്), സ്പെഷ്യൽ റൂൾസ് 2019.

(ഫയൽ നമ്പർ 7282/സബ്.സി.ഡി2/2018/നി. സെ.)

(സർക്കാർ കത്ത് നമ്പർ എസ്റ്റാ.ബി3/372/2015/ധന, തീയതി 14-12-2018)

ബൈട്രാൻസ്ഫർ തസ്തികയിൽ നിയമനം നേടിവരുന്ന ഫിനാൻഷ്യൽ അസിസ്റ്റന്റുമാരുടെ പരിവീക്ഷ കാലയളവ് കുറയ്ക്കുന്നതിനുള്ള ഭേദഗതി സംബന്ധിച്ച കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

2. കേരള സർവ്വീസ് (....... അമെന്റ്മെന്റ്) റൂൾസ്, 2018.

(ഫയൽ നമ്പർ.7250/സബ്.സി.ഡി2/2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ.pen B3/25/2016/Fin/E367157, തീയതി, 3-12-2018)

ശമ്പള സ്കെയിലിൽ മാറ്റം വരുമ്പോൾ ഫാമിലി പെൻഷനിലും, DCRG-യിലും ആനുപാതികമായി മാറ്റം വരുത്തുന്നതിനായി കേരള സർവ്വീസ് റൂൾസിന്റെ ഭാഗം III-ലെ ചട്ടം 62, 90(5) എന്നിവ ഭേദഗതി വരുത്തുന്നതിനായുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ ശീർഷകം "കേരള സർവ്വീസ് (........അമെന്റ്മെന്റ്) റൂൾസ്, 2019" എന്ന് മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

3. കേരള സർവ്വീസ് ( ........ അമെന്റ്മെന്റ്) റൂൾസ്, 2018.

(ഫയൽ നമ്പർ.434/സബ്.സി.ഡി2/2019/നി.സെ.)

(സർക്കാർ കത്ത് നമ്പർ.pen B 4/9/2016/Fin/E 162487, തീയതി, 11-10-2018)

കേരള സർവ്വീസ് റൂൾസ് ഭാഗം III-ലെ ഫോറം 2, ഫോറം 11 എന്നിവയിലെ ആവർത്തനങ്ങൾ ഒഴിവാക്കി രണ്ട് ഫോറങ്ങളും ഒരുമിച്ചാക്കുന്നതിനായുള്ള ഭേദഗതി സംബന്ധിച്ച കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ ശീർഷകം "കേരള സർവ്വീസസ് (....... അമെന്റ്മെന്റ്) റൂൾസ്, 2019" എന്ന് മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

4. കേരള സർവ്വീസ് (...... അമെന്റ്മെന്റ്) റൂൾസ്, 2019.

(ഫയൽ നമ്പർ.3382/സബ്.സി.ഡി2/2019/നി.സെ.)

(സർക്കാർ കത്ത് നമ്പർ.pen B1/19/2018/Fin/(E-920387), തീയതി, 4-6-2019)

ഡ്യൂപ്ലിക്കേറ്റ് പെൻഷൻ പേയ്മെന്റ് ഓർഡർ ലഭിക്കുന്നതിനുള്ള ഫീസ് ഉയർത്തുന്നതിനായി കെ.എസ്.ആർ ഭാഗം III-ലെ ചട്ടം 134 ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു

5. കേരള സർവ്വീസ് (........ അമെന്റ്മെന്റ്) റൂൾസ്, 2019

(ഫയൽ നമ്പർ 3383/സബ്.സി.ഡി2/2019/നി.സെ.)

(സർക്കാർ കത്ത് നമ്പർ.pen B1/17/2018/Fin/(E-889245), തീയതി, 10-6-2019)

വിരമിച്ച ജീവനക്കാർക്കും, മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്കും നൽകി വന്നുകൊണ്ടിരുന്ന extraordinary pension നിർത്തലാക്കുന്നതിനായി കെ.എസ്.ആർ. ഭാഗം-III ലെ ചട്ടം 88, 90, 93, 102 എന്നിവയിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു

**ആഭ്യന്തര വകുപ്പ്**

6. സ്പെഷ്യൽ റൂൾസ് ഫോർ ദ പോസ്റ്റ് ഓഫ് ഫിംഗർ പ്രിന്റ് എക്സ്പെർട്ട്സ് ആന്റ് ഫിംഗർ പ്രിന്റ് സെർച്ചേഴ്സ് ഇൻ ദ ഫിംഗർ പ്രിന്റ് ബ്യൂറോ ഓഫ് ദി പോലീസ് ഡിപാർട്ട്മെന്റ് (അമെന്റ്മെന്റ്), 2018

(ഫയൽ നമ്പർ 255/സബ്.സി.ഡി2/2019/നി.സെ.)

(സർക്കാർ കത്ത് നമ്പർ എൻ1/7/2019/ആഭ്യന്തരം, തീയതി 7-1-2019)

സംസ്ഥാന പോലീസ് വകുപ്പിലെ ഫിംഗർ പ്രിന്റ് ബ്യൂറോയിലെ ഫിംഗർപ്രിന്റ് എക്സ്പെർട്ട് തസ്തിക ഗസറ്റഡ് തസ്തികയാക്കുന്നതിനായി അത് കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസിൽ നിന്ന് ഒഴിവാക്കുന്നതിനും കേരള പോലീസ് സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുമുള്ള വിശേഷാൽ ചട്ടങ്ങളിലെ ഭേദഗതി കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ ശീർഷകം "സ്പെഷ്യൽ റൂൾസ് ഫോർ ദ പോസ്റ്റ് ഓഫ് ഫിംഗർ പ്രിന്റ് എക്സ്പെർട്ട്സ് ആന്റ് ഫിംഗർ പ്രിന്റ് സെർച്ചേഴ്സ് ഇൻ ദ ഫിംഗർ പ്രിന്റ് ബ്യൂറോ ഓഫ് ദ പോലീസ് ഡിപ്പാർട്ട്മെന്റ് (അമെന്റ്മെന്റ്), 2019" എന്ന് മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു

7. കേരള പോലീസ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2018.

(ഫയൽ നമ്പർ 255/സബ്.സി.ഡി2/2019/നി.സെ.)

(സർക്കാർ കത്ത് നമ്പർ എൻ1/7/2019/ആഭ്യന്തരം, തീയതി 7-1-2019)

സംസ്ഥാന പോലീസ് വകുപ്പിലെ ഫിംഗർ പ്രിന്റ് ബ്യൂറോയിലെ ഫിംഗർപ്രിന്റ് എക്സ്പെർട്ട് തസ്തിക കേരള പോലീസ് സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനായി വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ചട്ടത്തിന്റെ ശീർഷകം "കേരള പോലീസ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2019" എന്ന് മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

8. 2019-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടങ്ങൾ.

(ഫയൽ നമ്പർ3373/സബ്.സി.ഡി2/2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ ആഭ്യന്തരം-എസ്.എസ്.എ 5/258/2017/ആഭ്യന്തരം, തീയതി 14-5-2019)

2011 ലെ കേരള പോലീസ് ആക്ടിലെ 110(5), 110(7), 129 എന്നീ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് തയ്യാറാക്കിയ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളെ സംബന്ധിക്കുന്ന കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

9. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് (അമെന്റ്മെന്റ്) റൂൾസ്, 2019.

(ഫയൽ നമ്പർ2234/സബ്.സി.ഡി2/2019/നി.സെ.)

(സർക്കാർ കത്ത് നമ്പർ.റൂൾസ്-1/18/2018/ഉ.ഭ.പ.വ., തീയതി 11-4-2019)

രാജ്യ സൈനിക ബോർഡിലെ 45 വയസ്സ് പൂർത്തിയാക്കുന്ന ജീവനക്കാരെ പ്രൊബേഷൻ/പ്രൊമോഷനുവേണ്ടിയുള്ള നിർബന്ധിത ടെസ്റ്റ് പാസ്സാവുന്നതിൽ നിന്നും ഒഴിവാക്കിയ ആനുകൂല്യം എൻ.സി.സി (N.C.C) വകുപ്പിലെ ജീവനക്കാർക്കും ബാധകമാക്കുന്നതിനായി KS&SSR ഭാഗം II-ലെ ചട്ടം 13 B യുടെ 3-ാം പ്രൊവിസോയിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

**പാർലമെന്ററികാര്യ (എ) വകുപ്പ്**

10. മെമ്പേഴ്സ് ഓഫ് ദ കേരള ലെജിസ്ലേറ്റീവ് അസംബ്ലി (അഡ്വാൻസ് ഫോർ ദ പർച്ചേസ് ഓഫ് വെഹിക്കിൾ) അമെന്റ്മെന്റ് റൂൾസ്, 2019.

(ഫയൽ നമ്പർ1408/സബ്.സി.ഡി12/2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ പാ.കാ.വ-എ 2/114/2018/പാ.ക.വ., തീയതി 2-5-2019)

നിയമസഭാ സമാജികർക്ക് നൽകി വന്നിരുന്ന വാഹന വായ്പ ആനുകൂല്യം മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ് എന്നിവർക്ക് കൂടി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

**ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്**

11. കേരള സ്റ്റേറ്റ് പ്ലാനിംഗ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2019.

(ഫയൽ നമ്പർ 2774//സബ്.സി.ഡി12/2019/നി.സെ.)

(സർക്കാർ കത്ത് നമ്പർ ബി2/56/2018/പ്ലാനിംഗ്, തീയതി 15-5-2019)

അഗ്രോണമിസ്റ്റ് തസ്തികയുടെ നേരിട്ടുള്ള നിയമനത്തിന് കുറഞ്ഞ പ്രായപരിധിയിൽ സ്പഷ്ടീകരണം നൽകുന്നതിനുള്ള കരട് ചട്ടം സമിതി പരിഗണിയ്ക്കുകയും ചട്ടം 2 താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

In the special Rules for the Kerala State Planning Service, 1975, in the rule2, in the entries in item 2 in Column (3) against Category " 4A. Agronomist" in Column (1), for the words and brackets " must not have completed 50 years of age (in the case of direct recruits alone)" the words " in the case of direct recruits, must not have completed 50 years of age and must have completed 25 years of age" shall be substituted.

**II എസ്. ആർ. ഒ സാധൂകരണം**

നിയമ വകുപ്പ്

1. മുസ്ലീം പേഴ്സണൽ ലാ (ശരീയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ്, (SRO No. 920/18).

(ഫയൽ നമ്പർ 347/സബ്.സി.ഡി12/2019/നി.സെ.)

(സർക്കാർ കത്ത് നമ്പർ 22577/ഒപ്പീനിയൻ ഇ 2/2018/നിയമം, തീയതി 19-1-18)

1937-ലെ മുസ്ലീം പേഴ്സണൽ ലാ (ശരീയത്ത്) ആപ്ലിക്കേഷൻ ആക്റ്റിൻ (1937-ലെ 26-ാം കേന്ദ്ര ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച മേൽപ്പറഞ്ഞ ചട്ടങ്ങൾക്ക് (SRO No. 920/2018) ഭേദഗതി കൂടാതെ സമിതി സാധൂകരണം നൽകി.

**ആഭ്യന്തര വകുപ്പ്**

2. കേരള കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2018 (SRO No.436/18).

(ഫയൽ നമ്പർ 2062/സബ്.സി.ഡി2/2016/നി.സെ.)

(സർക്കാർ കത്ത് നമ്പർ ഇ 4/97/2017 ആഭ്യന്തരം, തീയതി 10-3-19)

കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി സർവ്വീസ് വകുപ്പിന്റെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം 9-9-16-ന് ചേർന്ന സമിതിയോഗം പരിഗണിക്കുകയും കരട് ചട്ടം നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം നിയമ വകുപ്പിന്റെ അംഗീകാരത്തോടെ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സമിതി നിർദ്ദേശിച്ചതിൻ പ്രകാരം നിയമ വകുപ്പിന്റെ അംഗീകാരത്തോടെ പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനം (SRO No. 436/18) സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ സാധൂകരണം നൽകുകയും ചെയ്തു.

**പാർലമെന്ററികാര്യ വകുപ്പ്**

3. മെമ്പേഴ്സ് ഓഫ് ദ കേരള ലെജിസ്ലേറ്റീവ് അസംബ്ലി (ഹൗസ് ബിൽഡിംഗ് അഡ്വാൻസ്) അമെന്റ്മെന്റ് റൂൾസ്, 2019 (SRO No.307/2019).

(ഫയൽ നമ്പർ 1408/സബ്.സി.ഡി2/2018/നി.സെ.)

(സർക്കാർ കത്ത് നമ്പർ പാ.കാ.വ.-എ 2/164/2018/പാ.കാ.വ., തീയതി 23-5-19).

നിയമസഭാ സാമാജികർക്ക് അനുവദിച്ചിരുന്ന ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ആനുകൂല്യം മുഖ്യമന്ത്രി, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് കൂടി ലഭ്യമാക്കുന്നതിനായി ഭേദഗതി വരുത്തിയ ചട്ടങ്ങൾ (ഗസറ്റ് വിജ്ഞാപനം SRO No.307/2019) സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ സാധൂകരണം നൽകുകയും ചെയ്തു.

## III ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

**(എ). 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 3442/സബ്.സി.ഡി2/2015/നി.സെ.)

(സർക്കാർ കത്ത് നമ്പർ ഇ.എം2/21/2017/ത.സ്വ.ഭ.വ., തീയതി 1-2-19)

റിപ്പോർട്ടിലെ ഖണ്ഡിക 41, 42, 47, 48 എന്നീ ശിപാർശകളിന്മേൽ തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ് സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

**(ബി). 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.**

(ഫയൽ നമ്പർ 4646/സബ്.സി.ഡി2/2016/നി.സെ.)

(സർക്കാർ കത്ത് നമ്പർ 96541/സി5/2016/ആഭ്യന്തരം, തീയതി 2-4-19)

റിപ്പോർട്ടിലെ ഖണ്ഡിക 40-ലെ ശിപാർശയിന്മേൽ ആഭ്യന്തര വകുപ്പ് സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

**(സി). 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 1986/സബ്.സി.ഡി2/2017/നി.സെ.)

(സർക്കാർ കത്ത് നമ്പർ ഇ.എം2/197/2018/ത.സ്വ.ഭ.വ., തീയതി 28-1-2019).

റിപ്പോർട്ടിലെ ഖണ്ഡിക 33, 34 എന്നിവയിലെ ശിപാർശകളിന്മേൽ തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ് സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

**(ഡി). 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 1254/സബ്.സി.ഡി2/2018/നി.സെ.)

താഴെപ്പറയുന്ന വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

1. <u>തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്.</u>

ഖണ്ഡിക 35

(സർക്കാർ കത്ത് നമ്പർ:ഇ.എം2/198/18/തസ്വഭവ., തീയതി 28-3-19)

2. <u>ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.</u>

(i) ഖണ്ഡിക 9

(സർക്കാർ കത്ത് നമ്പർ എ.ആർ.12(1)/66//2017/ഉ.ഭ.പ.വ., തീയതി 3-4-19)

(ii) ഖണ്ഡിക 25

(സർക്കാർ കത്ത് നമ്പർ എ.ആർ.12(2)/25//2018/ഉ.ഭ.പ.വ., തീയതി 5-4-19)

(iii) ഖണ്ഡിക 7

(സർക്കാർ കത്ത് നമ്പർ എ.ആർ.11-1/5/2018/ഉ.ഭ.പ.വ., തീയതി 9-5-19)

(iv) ഖണ്ഡിക 13, 117, 118

(സർക്കാർ കത്ത് നമ്പർ 68/എ.ആർ.13(1)/2018/ഉ.ഭ.പ.വ., തീയതി 6-6-19)

3 <u>കേരളീയ പ്രവാസികാര്യ വകുപ്പ്.</u>

ഖണ്ഡിക 139, 140, 141

(സർക്കാർ കത്ത് നമ്പർ ബി1/79/2019/നോർക്ക, തീയതി 28-5-19)

(4) <u>വിവര പൊതുജനസമ്പർക്ക വകുപ്പ്.</u>

ഖണ്ഡിക 133, 134, 135, 136, 137, 138

(സർക്കാർ കത്ത് നമ്പർ ബി2/11/2018/ഐ.പി.ആർ., തീയതി 25-5-19)

(5) <u>ആഭ്യന്തര (എഫ്) വകുപ്പ്</u>

ഖണ്ഡിക 119, 120, 121, 122, 123, 124

(സർക്കാർ കത്ത് നമ്പർ എഫ്.2/115/2019-ആഭ്യന്തരം, തീയതി 27-5-19)

(6) <u>ഇലക്ഷൻ (അക്കൗണ്ട്സ്)വകുപ്പ്.</u>

ഖണ്ഡിക 37, 38

(സർക്കാർ കത്ത് നമ്പർ 1073/ഇ.എ 1/2018/ഇലക്., തീയതി 7-6-19)

(7) <u>വിജിലൻസ് വകുപ്പ്.</u>

ഖണ്ഡിക 88 മുതൽ 106 വരെ

(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/247/2018/വിജി., തീയതി 14-6-19)

## IV <u>തെളിവെടുപ്പ് - ഉന്നതവിദ്യാഭ്യാസ വകുപ്പ്</u>

(ഫയൽ നമ്പർ 3442/സബ്.സി.ഡി2/2015/നി.സെ.)

(ഫയൽ നമ്പർ 1986/സബ്.സി.ഡി2/2017/നി.സെ.)

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 67 മുതൽ 74 വരെയുള്ള ശിപാർശകളിന്മേലും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 98, 99, 100, 114 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പ് സെക്രട്ടറിയിൽ നിന്ന് സമിതി വിശദീകരണം ആവശ്യപ്പെട്ടു. ഇക്കാര്യത്തിലുണ്ടായ കാലതാമസം മനഃപ്പൂർവ്വമായി ഉണ്ടായതല്ലെന്ന് സെക്രട്ടറി സമിതിയെ ബോധിപ്പിക്കുകയും ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ഹാജരാക്കുകയും ചെയ്തു. ഇക്കാര്യത്തിലെ ഡിലേ സ്റ്റേറ്റ്മെന്റ് ഉടൻ സമർപ്പിക്കാമെന്ന് സെക്രട്ടറി അറിയിച്ചു.

### V. റിപ്പോർട്ട് പരിഗണന

1. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1254/സബ്.സി.ഡി2/2018/നി.സെ.)

2. 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2505/സബ്.സി.ഡി2/2019/നി.സെ.)

യോഗം ഉച്ചയ്ക്ക് ശേഷം 3.45-ന് അവസാനിച്ചു.

## 28-6-2019-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവ 2019 ജൂൺ മാസം 28-ാം തീയതി വെള്ളിയാഴ്ച സഭാ സമ്മേളനത്തിന് ശേഷം ഉച്ചയ്ക്ക് 12.15-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷൻ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ സംയുക്തമായി യോഗം ചേർന്നു.

തദവസരത്തിൽ താഴെപ്പറയുന്ന അദ്ധ്യക്ഷൻമാർ/എക്സ്-ഒഫീഷ്യോ അംഗങ്ങൾ, മറ്റ് അംഗങ്ങൾ എന്നിവർ ഹാജരായിരുന്നു:

| | | | |
|---|---|---|---|
| 1 | ശ്രീ. ജി. സുധാകരൻ, | അദ്ധ്യക്ഷൻ | സബ്ജക്ട് കമ്മിറ്റി V |
| | (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | എക്സ്-ഒഫീഷ്യോ അംഗം | സബ്ജക്ട് കമ്മിറ്റി VIII |
| 2 | ശ്രീ. എ. സി. മൊയ്തീൻ, (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | അദ്ധ്യക്ഷൻ | സബ്ജക്ട് കമ്മിറ്റി IX |
| 3 | ശ്രീ. റ്റി. പി. രാമകൃഷ്ണൻ, (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | എക്സ്-ഒഫീഷ്യോ അംഗം | സബ്ജക്ട് കമ്മിറ്റി VIII |
| 4 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | എക്സ്-ഒഫീഷ്യോ അംഗം | സബ്ജക്ട് കമ്മിറ്റി II |
| 5 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, (തുറമുഖവും, മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) | എക്സ്-ഒഫീഷ്യോ അംഗം | സബ്ജക്ട് കമ്മിറ്റി V |

<u>ഹാജരായ അംഗങ്ങൾ</u>

**സബ്ജക്ട് കമ്മിറ്റി VIII**

1. ഡോ. എൻ. ജയരാജ്
2. ശ്രീ. വി. കെ. സി. മമ്മത് കോയ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
5. ശ്രീ. വി. ഡി. സതീശൻ
6. ശ്രീ. എം. ഉമ്മർ

**സബ്ജക്ട് കമ്മിറ്റി II**

1. ശ്രീ. സി. കെ. ഹരീന്ദ്രൻ
2. ശ്രീ. കെ. ഡി. പ്രസേനൻ
3. ശ്രീ. പുരുഷൻ കടലുണ്ടി
4. ശ്രീ. കെ. രാജൻ

**സബ്ജക്ട് കമ്മിറ്റി V**

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദു റഹിമാൻ
3. ശ്രീ. ജോൺ ഫെർണാണ്ടസ്
4. ശ്രീ. എൻ. ഷംസുദ്ദീൻ

**സബ്ജക്ട് കമ്മിറ്റി IX**

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. കെ. ബാബു
5. ശ്രീ. കെ. എസ്. ശബരീനാഥൻ
6. ശ്രീ. ഇ. കെ. വിജയൻ

**സബ്ജക്ട് കമ്മിറ്റി XIV**

1. ശ്രീ. സി. കെ. നാണു
2. ശ്രീ. രാജു എബ്രഹാം

<u>നിയമസഭാ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി
3. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

4. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി
5. ശ്രീമതി വി. ആർ. രജനി, ഡെപ്യൂട്ടി സെക്രട്ടറി
6. ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി
7. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ:

1. ശ്രീ. റ്റി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
3. ശ്രീ. പി. കെ. അരവിന്ദ ബാബു, സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, നികുതി വകുപ്പ്.
5. ശ്രീമതി ടിങ്കു ബിസ്വാൾ, കമ്മീഷണർ, ചരക്ക് സേവന നികുതി.
6. ശ്രീ. എസ്. അനന്തകൃഷ്ണൻ, എക്സൈസ് കമ്മീഷണർ.
7. ശ്രീ. റ്റി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
8. ശ്രീമതി റ്റി. നിതാകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
9. ശ്രീ. ആർ. രാജഗോപാൽ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്.
10. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
11. ശ്രീ. ബി. എസ്. ത്യാഗരാജൻ, ജോയിന്റ് കമ്മീഷണർ, ചരക്കു സേവന നികുതി വകുപ്പ്.
12. ശ്രീ. സെനിൽ എ. കെ. രാജൻ, ജോയിന്റ് കമ്മീഷണർ, ചരക്കു സേവന നികുതി വകുപ്പ്.
13. ശ്രീ. പി. കെ. സാജൻ കുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.

## I. ' The Kerala Finance Bill, 2019 ' പരിഗണന

The Kerala Finance Bill, 2019-ലെ 1, 2, 3, 4, 6, 7, 11, 13, 14 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സമിതി അംഗീകരിച്ചു തുടർന്ന് ഖണ്ഡം ഖണ്ഡമായി ബിൽ പരിഗണിക്കുകയും ചർച്ച ചെയ്തു ശേഷം ചുവടെ ചേർക്കുന്ന ഭേദഗതികളോടെ The Kerala Finance Bill, 2019 അംഗീകരിച്ചു.

*Clause 1*

For sub-clause (2) the following shall be substituted, namely:-

"Save as otherwise provided in this Act, it shall come into force on the 1st day of April, 2019."

*Clause 2*

In section 3A of the Kerala Surcharge on Taxes Act, 1957 proposed to be substituted by clause 2 of the Bill, for the word "tax" wherever they occur, the word "surcharge" shall be substituted.

*Clause 3*

(1) Sub-clause (1) of Clause 3 shall be omitted.

(2) In the existing sub-clause (2), the brackets and figure '(2)' shall be omitted.

(3) In sub-section (1) of section 7 of the Kerala Money-Lenders Act, 1958 (35 of 1958) proposed to be substituted by sub-clause (2) of Clause 3 after the words, " interest per annum" the words " and two per cent processing charge." shall be added.

*Clause 4*

(1) In sub-section (1) of 33A of the Kerala Stamp Act, 1959, proposed to be inserted by sub-clause (3) of Clause 4 of the Bill, the following provison shall be added, namely :-

"provided that nothing herein contained shall authorise, a registering officer to call for or impound such instrument or true copy, after the expiry of ten years from the date of registration of such instrument".

(2) In the entries in column (3) of clause (c) of serial number 5, in the Schedule to the Kerala Stamp Act, 1959 proposed to be substituted by sub-item (i) of item (a) of sub-clause (6) of clause 4 of the Bill, for the words

"value or" the words "value of" shall be substituted;

(3) in item (d), for the word "substituted" the word "inserted" shall be substituted;

(4) in sub-item (i) of the item (e) of sub-clause (6), for the words and symbols "after the word "given"" the words and symbols "after the words "agreed to be given"" shall be substituted.

*Clause 6*

In the provison to section 3 of the Kerala Local Authorities Entertainments Tax Act, 1961 proposed to be inserted by clause 6 of the Bill, in item (ii), for the words "at the rate of ten per cent" the words "at a rate not exceeding ten per cent" shall be substituted.

*Clause 7*

In sub-clause (4) of clause 7 of the Bill, for the words and symbol "the sub-entries" the words "the entries" shall be substituted.

*Clause 11*

(1) In item (v) of the sub-section (4) of section 4 of the Kerala Value Added Tax Act, 2003 proposed to be substituted by sub-clause (1) of clause 11 of the Bill, for the words "Presiding Officer" the words "Judicial Officer not below the rank of a District Judge" shall be substituted;

(2) In the provison to sub-section (1) of section 25AA of the said Act proposed to be inserted by sub-clause (2) of clause 11 of the Bill, for the words "fifty per cent to the" the words "fifty per cent of the " shall be substituted;

(3) For clause (c) of sub-section (2) of section 25AA of the said Act proposed to be inserted by sub-clause (2) of clause 11 of the Bill, the following clause shall be substituted, namely :-

"(c) If sale suppression is detected, the suppressed turnover shall alone be assessed, without any additions."

(4) Sub-sections (6), (7) and (8) of section 25AA of the said Act proposed to be inserted by sub-clause (2) of clause 11 of the Bill shall be renumbered as sub-sections (7), (8) and (9) of that section and before the said sub-sections as so renumbered, the following sub-section shall be inserted, namely:-

"(6) If any interstate purchases are detected with respect to a cooked food dealer paying tax under sub-clause (i) of clause (c) of section 8 in violation of item (d) of the said sub-clause, such purchases shall alone be assessed to tax by adding 20 percent gross profit, and the compounding for the year shall not be cancelled."

(5) For sub-clause (5) of Clause 11, the following sub-clause shall be substituted, namely:-

" (5) in section 31B";

(i) in clause (a) for the words and figures, " 30th April, 2018" and " 31st May, 2018" the words and figures, " 30th April, 2019" and " 30th September, 2019" shall respectively, be substituted.

(ii) in clause (b), for the words and figures, " 30th April, 2018" and " 31st March, 2019 whichever is earlier" the words and figures, " 30th April, 2019" and " 30th September, 2019" shall respectively, be substituted.

(6) In sub-clause (6) of clause 11 of the Bill, after the words "in the second provison", the words, symbol, brackets and figure "to sub-section (2)" shall be inserted.

*Clause 13*

The provision contained in clause 13 shall be numbered as sub-clause (1) of that clause and after sub-clause (1) as so numbered the following sub-clause shall be inserted, namely:-

" (2) in case where tax evasion has been detected and offence has been compounded or penalty has been imposed under the provisions of the repealed Act, the assessment under the provisions of the repealed Act shall be done only on the suppressed turnover detected.

Provided that in cases where pattern of suppression has been established the assessment shall be completed by adding fifty per cent of the suppressed turnover" .

*Clause 14*

(1) In sub-clause (1),-

(i) after the words "goods or services or both made", the words "in furtherance of business" shall be inserted;

(ii) for the words "as may be prescribed" the words "as may be prescribed by rules made by the Government in this behalf " shall be substituted;

(iii) for item (i) of the provison, the following item shall be substituted, namely:-

"(i) supplies made by a taxable person who is paying tax under section 10 of the Kerala State Goods and Services Tax Act, 2017 (20 of 2017) or opted to pay tax as per G.O.(P) No. 66/2019/TAXES dated 30th March, 2019 and published as S.R.O. No. 256/2019 in the Kerala Gazette Extraordinary No. 882 dated 30th March, 2019."

(iv) for item (ii) of the provison, the following item shall be substituted, namely :—

"(ii) supplies of goods or services or both wholly exempted from tax by virtue of notifications issued under section 11 of the Kerala State Goods and Services Tax Act, 2017 (20 of 2017) and ";

(v) For item (iii) of the provison, the following item shall be substituted, namely:-

"(iii) supplies of goods or services or both made in furtherance of business by a taxable person in the State to another taxable person having goods and services tax registration in the State,";

(2) In sub-clause (2),-

(i) after the words "under section 15", the words "but excluding the cess levied under this section" shall be inserted;

(ii) in the TABLE,-

(a) in Sl. No. 3, after the words "Supplies of goods" the words "or services" shall be inserted;

(b) Sl.No. 4 and the entries against it shall be omitted;

(c) Sl. No. 5 shall be renumbered as Sl. No. 4 and in the entries against the said serial number, for the words "goods and services" the words "goods or services" shall be substituted.

After clause 14 of the Bill, the following clause shall be inserted, namely:-

"15. *Validation.*—Notwithstanding anything contained in the Kerala Local Authorities Entertainments Tax Act, 1961 (20 of 1961) any tax collected or paid under the first provison to section 3 of the said Act at such higher rates by virtue of the provisions of the Kerala Finance Bill, 2019 (Bill No. 185 of the XIV[th] Kerala Legislative Assembly) in respect of the period with effect from 1[st] day of April, 2019 to the date of publication of this Act shall be deemed to have been validly collected or paid and the tax so collected shall not be refunded.",

The Kerala Finance Bill, 2019-ന്റെ റിപ്പോർട്ടിന്മേൽ ഡോ. എൻ. ജയരാജ്, സർവ്വശ്രീ. വി. ഡി. സതീശൻ, എം. ഉമ്മർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അനിൽ അക്കര, കെ. എസ്. ശബരീനാഥൻ, എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ ബന്ധപ്പെട്ട വിഷയങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്തി.

II. <u>എസ്.ആർ.ഒ.കളുടെ സാധൂകരണം</u>

2019-ലെ കേരള ധനകാര്യ ബില്ലിലെ വിവിധ ഖണ്ഡങ്ങൾ പ്രകാരം പുറപ്പെടുവിച്ച 358/2019, 359/2019, 374/2019, 375/2019 എന്നീ നമ്പർ എസ്.ആർ.ഒ.കൾ.

(ഫയൽ നമ്പർ 3409/സബ്.സി.ഇ 2/2019/നി.സെ.)

(റഫ.നമ്പർ ബി1/53/2019/നി.വ., തീയതി 15-6-2019)

സമിതിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കാതെ പ്രസ്തുത എസ്.ആർ.ഒ.കൾക്ക് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച കുറിപ്പ് സമിതി പരിഗണിക്കുകയും എസ്.ആർ.ഒ.കൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 1.20-ന് അവസാനിച്ചു.

## 22-10-2019 -ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2019 ഒക്ടോബർ മാസം 22-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. നാണു
2. ശ്രീ. രാജു എബ്രഹാം
3. ശ്രീ. ആർ. രാമചന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. രാജു. കെ. എ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. എസ്. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. വിശ്വാസ് മേത്ത, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.

2. ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്.

3. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, വിവര സാങ്കേതികവിദ്യ വകുപ്പ്.
4. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, അച്ചടിയും സ്റ്റേഷനറിയും വകുപ്പ്.
5. ഡോ. മിത്ര. റ്റി., സെക്രട്ടറി (ഇൻ-ചാർജ്), തദ്ദേശസ്വയംഭരണ വകുപ്പ്.
6. ശ്രീ. എ. സന്തോഷ്, സെക്രട്ടറി (ഇൻ-ചാർജ്), സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ.
7. ശ്രീ. വിജയകുമാർ. റ്റി., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
8. ശ്രീ. ലോക്നാഥ് ബഹ്റ, ഡയറക്ടർ ജനറൽ ഓഫ് പോലീസ്.
9. ശ്രീ. പി. ശ്രീകുമാർ, ഡയറക്ടർ , ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്
10. ഡോ. ഡിംപി. വി. ദിവാകരൻ, ഡയറക്ടർ ജനറൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്.
11. ശ്രീ. മുരളീധരൻ. എ., ഡയറക്ടർ, അച്ചടി വകുപ്പ്.
12. ശ്രീമതി കെ. ഷൈലശ്രീ., അഡീഷണൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

13. ശ്രീമതി രാജശ്രീ. കെ. അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

14. ശ്രീ. ജി. അശോക് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

15. ശ്രീ. മധു. ആർ., അഡീഷണൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്.

16. ശ്രീമതി ആർ. താരാദേവി, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

17. ശ്രീ. ഇ. ബൈജു, രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ

18. ശ്രീമതി ചിത്ര. എം. എസ്., ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ, കരട് ചട്ടങ്ങൾ സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, ധനാഭ്യർത്ഥനകൾ സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

## I സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാനുള്ള ചട്ടങ്ങൾ

1. ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2009-ലെ റൂളിംഗിന്മേലുള്ള തെളിവെടുപ്പ്.

(ഫയൽ നമ്പർ 3378/സബ്.സി.ഡി2/2019/നി.സെ.)

(1) <u>2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോകായുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്മേൽ കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 5005/സബ്.സി.ഡി2/2014/നി.സെ.)

2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോകായുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) നിയമം വിജ്ഞാപനം ചെയ്ത് വർഷങ്ങൾക്ക് ശേഷവും ചട്ടം രൂപീകരിക്കാത്തതു സംബന്ധിച്ച് സമിതി വിജിലൻസ് വകുപ്പിനോട് വിശദീകരണം ആരാഞ്ഞു. കരട് ചട്ടം തയ്യാറാക്കുന്നതിനായി ലോകായുക്തയിൽ ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും 2019 ഡിസംബർ അവസാനത്തോടെ കരട് ചട്ടം തയ്യാറാക്കി സമിതി മുമ്പാകെ സമർപ്പിക്കുന്നതാണെന്നും വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച് ഒരു ഇടക്കാല മറുപടി അടിയന്തരമായി സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

2. <u>2016-ലെ കേരള ഗവൺമെന്റ് പ്രസ്സസ് സ്റ്റേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്-സമിതി നിർദ്ദേശപ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 4515/സബ്.സി.ഡി2/2016/നി.സെ.)

2016-ലെ കേരള ഗവൺമെന്റ് പ്രസ്സസ് സ്റ്റേറ്റ് സർവ്വീസ് (അമെൻറ്മെന്റ്) സ്പെഷ്യൽ റൂൾസിന്റെ സമിതി നിർദ്ദേശപ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് സമിതി വകുപ്പ് സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞു. പ്രസ്തുത ചട്ടത്തിലെ 4(b)-യിൽ അസിസ്റ്റന്റ് എഞ്ചിനീയർ എന്ന തസ്തിക അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്) എന്ന് പുനർനാമകരണം ചെയ്യണമെന്നും പ്രസ്തുത തസ്തികയിലേക്കുള്ള നിയമന പ്രായപരിധി 19-36 ആക്കണമെന്നുമുള്ള സമിതിയുടെ ഭേദഗതി നിർദ്ദേശപ്രകാരം ഒരു എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും എസ്.ആർ.ഒ. വിജ്ഞാപനം ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണെന്നും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

3. <u>2016-ലെ ദി കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് (എസ്.ആർ.ഒ.നമ്പർ 616/2016)-ഭേദഗതി ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 5718/സബ്.സി.ഡി2/2013/നി.സെ.)

2016-ലെ ദി കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് (എസ്.ആർ.ഒ.നമ്പർ 616/2016)-ന്റെ ഭേദഗതി ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച സമിതി വകുപ്പ് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ സമർപ്പിച്ചപ്പോൾ ഉദ്യോഗസ്ഥഭരണപരിഷ്കാരം, നിയമം എന്നീ വകുപ്പുകൾ, ഒരു സർവ്വീസ് സംബന്ധിച്ച് രണ്ട് സ്പെഷ്യൽ റൂളുകൾ പാടില്ലെന്ന് അഭിപ്രായപ്പെട്ടതിനാൽ അപ്രകാരം സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചുവെന്നും അതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുള്ളതിനാൽ പ്രസ്തുത ഭേദഗതി ചട്ടം സമർപ്പിക്കുന്നതിന് കുറച്ചുകൂടി സമയം ആവശ്യമാണെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## II വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച തെളിവെടുപ്പ്

4. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നമ്പർ 1764/സബ്.സി.ഡി2/2012/നി.സെ.)

ആഭ്യന്തര വകുപ്പിന്റെ 2011-12 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കാത്തത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയോട് സമിതി വിശദീകരണം ആരാഞ്ഞു. 2011-12 മുതൽ 2017-18 വരെയുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു. 2011-12 സാമ്പത്തിക വർഷം മുതൽ 2017-18 വരെയുള്ള കാലയളവിൽ 2055-പോലീസ്, 2010-06-07-97-രാസപദാർത്ഥ പരിശോധനശാല എന്നീ ഇനങ്ങളുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ട് സമിതി മുമ്പാകെ

ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 2017-18 വർഷത്തിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് ഒഴികെ മറ്റൊന്നിലും ചെയർമാൻ ഒപ്പിട്ടിട്ടില്ലായെന്നും 2014-നീതിന്യായ നിർവ്വഹണം, 4055-പോലീസ് മൂലധന ചെലവുകൾ എന്നീ ഇനങ്ങളിലെ റിപ്പോർട്ടുകൾ നൽകിയിട്ടില്ലെന്നും നിയമസഭാ ജോയിന്റ് സെക്രട്ടറി അറിയിച്ചു. സഭാ സമിതിയ്ക്കുള്ള രേഖകൾ ക്രമപ്രകാരം സാക്ഷ്യപ്പെടുത്തി നൽകണമെന്നും ഇനിയും ലഭിക്കാനുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു

റിപ്പോർട്ടുകളെല്ലാം പ്രത്യേകമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സമിതിയിൽ സമർപ്പിക്കാമെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

## III കരട് ചട്ടങ്ങൾ

### ധനകാര്യ വകുപ്പ്

5. <u>കേരള സർവ്വീസ് റൂൾസ് ഭാഗം -III ചട്ടം 31 ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം</u>

(ഫയൽ നമ്പർ 3458/സബ്.സി.ഡി2/2019/നി.സെ.)

ഡയസ്നോൺ കാലയളവ് പെൻഷന് പരിഗണിക്കുക, പെൻഷന് അർഹമായ ക്വാളിഫയിംഗ് സർവ്വീസ് കണക്കാക്കുക എന്നിവ സംബന്ധിച്ച ഭേദഗതികൾക്കായുള്ള [കേരള സർവ്വീസ് റൂൾസിന്റെ ഭാഗം-III ചട്ടം 31, കെ.എസ്.ആർ. ഭാഗം I ചട്ടം 14 (A)] കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു

6. <u>കേരള സർവ്വീസ് റൂൾസ് ഭാഗം-I, അനുബന്ധം-VII സെക്ഷൻ II-ലെ ചട്ടം 21 ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം</u>

(ഫയൽ നമ്പർ 4654/സബ്.സി.ഡി2/2019/നി.സെ.)

രക്തഘടകങ്ങൾ ദാനം ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക്; രക്തം ദാനം ചെയ്യുന്ന സർക്കാർ ജീവനക്കാർക്കുള്ള ആനുകൂല്യം (ഒരു കലണ്ടർ വർഷം നാല് പ്രത്യേക ആകസ്മികാവധി) അനുവദിച്ചുകൊണ്ടുള്ള കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം-I, അനുബന്ധം VII, സെക്ഷൻ II-ലെ, ചട്ടം 21 ഭേദഗതി ചെയ്യുന്നതിനായുള്ള കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

### ആഭ്യന്തര വകുപ്പ്

7. 2019-ലെ കേരള പോലീസ് ചട്ടങ്ങൾ

(ഫയൽ നമ്പർ 3373/സബ്.സി.ഡി2/2018/നി.സെ.)

2011-ലെ കേരള പോലീസ് ആക്ടിലെ (2011-ലെ 8) 129-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് തയ്യാറാക്കിയ കരട് ചട്ടം സമിതി പരിഗണിച്ചു. ചട്ടം 6-ൽ ജില്ലാ/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് ട്രാഫിക്ക് ക്രമീകരണ സമിതികളിൽ തദ്ദേശീയ റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധിയെ അംഗമാക്കിക്കൊണ്ടുള്ള ചട്ടം 10-ലെ വ്യവസ്ഥ ഒഴിവാക്കിയും പട്ടികയിൽ കോളം (4)-ൽ 'സ്റ്റേഷൻ ഹൗസ് ഓഫീസർ' എന്നത് 'സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ' എന്ന് ഭേദഗതി ചെയ്തും കരട് ചട്ടം സമിതി അംഗീകരിച്ചു.

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

8. 2017-ലെ <u>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് - കരട് ചട്ടം</u>

(ഫയൽ നമ്പർ 4846/സബ്.സി.ഡി2/2017/നി.സെ.)

2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്മേലുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

### IV സമിതിയുടെ സാധൂകരണത്തിനായുള്ള ചട്ടങ്ങൾ

## ധനകാര്യ (പെൻഷൻ) വകുപ്പ്

9. കെ.എസ്.ആർ. ഭാഗം- III ചട്ടം 59 ഭേദഗതി ചെയ്യുന്നതിനുള്ള ചട്ടങ്ങൾ

(SRO - 932/2018)

(SRO - 511/2019)

(ഫയൽ നമ്പർ 4861/സബ്.സി.ഡി2/2019/നി.സെ.)

സർവ്വീസിൽ നിന്നും വിരമിച്ച കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും അവരുടെ പെൻഷൻ ഭാഗികമായോ പൂർണ്ണമായോ തടഞ്ഞുവെയ്ക്കാനും സാദ്ധ്യമാകുന്ന തരത്തിൽ കേരള സർവ്വീസ് റൂൾസ് ഭാഗം III-ൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള SRO 932/18, 511/19 എന്നിവ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ സാധൂകരണം നൽകുകയും ചെയ്തു.

**V ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസപത്രികകളുടെയും പരിഗണന**

1. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

ഉന്നതവിദ്യാഭ്യാസ വകുപ്പ്

(ഫയൽ നമ്പർ 3442/സബ്.സി.ഡി2/2015/നി.സെ.)

(സർക്കാർ കത്ത് നമ്പർ എച്ച്.2/88/2019/ഉ.വി.വ., തീയതി 24-6-2019)

റിപ്പോർട്ടിലെ 67, 68, 69, 70, 71, 72, 73, 74 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പ് സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

2. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ1986/സബ്.സി.ഡി2/2017/നി.സെ.)

(സർക്കാർ കത്ത് നമ്പർ എച്ച്.2/88/2019/ഉ.വി.വ., തീയതി 24-6-2019)

ഉന്നതവിദ്യാഭ്യാസ വകുപ്പ്

റിപ്പോർട്ടിലെ 98, 99, 100, 114 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

3. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 1254/സബ്.സി.ഡി2/2018/നി.സെ.)

താഴെപ്പറയുന്ന വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു:

(i). പാർലമെന്ററികാര്യ വകുപ്പ്.

ഖണ്ഡിക 6

(സർക്കാർ കത്ത് നമ്പർ പാ.കാ.വ.-എ 2/29/2018-പാ.കാ.വ., തീയതി 21-6-2019)

(ii). <u>വിവരസാങ്കേതികവിദ്യ (സി) വകുപ്പ്</u>

ഖണ്ഡിക 14, 142, 143, 144, 145, 146, 147, 148, 149

(സർക്കാർ കത്ത് നമ്പർ ഐ.ടി-സി1/30/2018-വി.സാ.വ., തീയതി 1-7-2019)

(iii). <u>നിയമ വകുപ്പ്</u>

ഖണ്ഡിക 26, 27, 28, 29, 30, 31, 32, 33, 34, 125

(സർക്കാർ കത്ത് നമ്പർ 7536/പാർല/2018/നിയമം, തീയതി 12-7-2019)

(iv). <u>ശാസ്ത്രസാങ്കേതിക (എ) വകുപ്പ്</u>

ഖണ്ഡിക 127, 128, 129, 130, 131, 132

(സർക്കാർ കത്ത് നമ്പർ എ 2/219/2018-ശാ.സാ.വ, തീയതി 25-7-2019)

(v). <u>ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പ്</u>

ഖണ്ഡിക 11

(സർക്കാർ കത്ത് നമ്പർ ബി.പി.ഇ 3/51/2018-PLGED, തീയതി 13-8-2019)

(vi). <u>തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്</u>

ഖണ്ഡിക 36, 39

(സർക്കാർ കത്ത് നമ്പർ ഇ.എം.2/198/2018/ത.സ്വ.ഭ.വ., തീയതി 17-7-2019)

യോഗം ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 7-11-2019 -ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ഒരു യോഗം 2019 നവംബർ മാസം 7-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.12-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു :

1. ശ്രീ. ജെയിംസ് മാത്യു

2. ഡോ. എം. കെ. മുനീർ

3. ശ്രീ. സി. കെ. നാണു

4. ശ്രീ. എ. പ്രദീപ്കുമാർ

5. ശ്രീ. രാജു എബ്രഹാം

6. ശ്രീ. ആർ. രാമചന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. രാജു. കെ. എ., ജോയിന്റ് സെക്രട്ടറി

2. ശ്രീ. ജി. എസ്. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. കെ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ്.
2. ശ്രീ. അരവിന്ദ ബാബു. പി. കെ., സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. ലോക്നാഥ് ബെഹ്റ, ഡയറക്ടർ ജനറൽ ഓഫ് പോലീസ്.
4. ഡോ. ബി. സന്ധ്യ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ട്രെയിനിംഗ്)
5. ശ്രീ. മനോജ് എബ്രഹാം, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഹെഡ്ക്വാർട്ടേഴ്സ്)
6. ശ്രീ. വിജയകുമാർ. റ്റി., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
7. ശ്രീ. വി. വിലാസചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
8. ശ്രീമതി കൃഷ്ണപ്രിയ .ഡി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ, 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയും പ്രകാരം അംഗീകരിക്കുകയും ചെയ്തു:

## 1. 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. സമിതി അംഗമായ ഡോ. എം. കെ. മുനീർ, എം.എൽ.എ. വിയോജിപ്പ് രേഖപ്പെടുത്തി.

## 2. 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. സമിതി അംഗമായ ഡോ. എം. കെ. മുനീർ, എം.എൽ.എ. വിയോജിപ്പ് രേഖപ്പെടുത്തി.

## 3. 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ

2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

<u>1-ാം ഖണ്ഡം</u>

(2)-ാം ഉപഖണ്ഡത്തിൽ, '3 <u>എ</u>-യും 5 <u>എ</u>-യും' എന്ന അക്കങ്ങൾക്കും അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം '4-ഉം 7-ഉം' എന്ന അക്കങ്ങളും ചിഹ്നങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ്.

<u>2-ാം ഖണ്ഡം</u>

(1) (എ) ഇനത്തിൽ 'ഏതു പേരിൽ വിളിക്കുന്ന' എന്ന വാക്കുകൾക്ക് പകരം 'മറ്റേതൊരു പേരിലും അറിയപ്പെടുന്ന' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (സി) ഉപഖണ്ഡത്തിൽ "പ്രിവൻഷൻ ഓഫ് ഡാമേജ് ടു പബ്ലിക് പ്രോപ്പർട്ടി" എന്ന വാക്കുകൾക്കു പകരം "പൊതുസ്വത്ത് നാശനഷ്ടപ്പെടുത്തുന്നത് തടയൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

<u>3-ാം ഖണ്ഡം</u>

'ഏതു പേരിൽ വിളിക്കുന്ന' എന്ന വാക്കുകൾക്ക് പകരം " മറ്റേതൊരു പേരിലും അറിയപ്പെടുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3 എ ഖണ്ഡം

(1) '3 എ' എന്നത് '4' എന്ന് പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത 4-ാം ഖണ്ഡത്തിൽ '65 ക, 65 ഖ' എന്ന അക്കങ്ങൾക്കും അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം '65 എ, 65 ബി' എന്ന അക്കങ്ങളും അക്ഷരങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(2)'ഏതെങ്കിലും നടപടിക്രമങ്ങളിൽ' എന്ന വാക്കുകൾക്ക് പകരം 'ഏതൊരു നടപടിക്രമങ്ങളിലും' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4-ാം ഖണ്ഡം

(1) 4-ാം ഖണ്ഡം 5-ാം ഖണ്ഡം എന്ന് പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 5-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

" 5. നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുള്ള ശിക്ഷ.– " നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിന്മേൽ അഞ്ച് വർഷം വരെയാകാവുന്ന തടവും പിഴയും നൽകി ശിക്ഷിക്കേണ്ടതാണ്.".

5-ാം ഖണ്ഡം

(1) 5-ാം ഖണ്ഡം 6-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 6-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

" 6. തീ കൊണ്ടോ സ്ഫോടകവസ്തു കൊണ്ടോ നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുള്ള ശിക്ഷ.– " തീ കൊണ്ടോ സ്ഫോടകവസ്തു കൊണ്ടോ നാശനഷ്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിന്മേൽ പത്തു വർഷം വരെ ആകാവുന്നതും എന്നാൽ അഞ്ച് വർഷത്തിൽ കുറയാൻ പാടില്ലാത്തതുമായ കഠിന തടവും പിഴയും നൽകി ശിക്ഷിക്കേണ്ടതാണ്.".

5 എ ഖണ്ഡം

(1) 5-എ ഖണ്ഡം 7-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 7-ാം ഖണ്ഡത്തിൽ "അനുവദിക്കേണ്ടതല്ലാത്തതും" എന്ന വാക്കുകൾക്ക് പകരം "ലഭിക്കാത്തതും" എന്ന വാക്കുകൾ മാർജിനൽ ശീർഷകത്തിലും ഖണ്ഡത്തിലും ചേർക്കേണ്ടതാണ്.

6-ാം ഖണ്ഡം

(1) 6-ാം ഖണ്ഡം 8-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 8-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

" 8. ജാമ്യം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ— 5-ാം വകുപ്പിൻ കീഴിലോ 6-ാം വകുപ്പിൻ കീഴിലോ കുറ്റാരോപിതനായ യാതൊരാളെയും രണ്ട് ജാമ്യക്കാർ ബോണ്ട് വെച്ചുകൊണ്ടും, പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി തീരുമാനിച്ചേക്കാവുന്ന, നശിപ്പിക്കപ്പെട്ടതോ നാശനഷ്ടമുണ്ടാക്കപ്പെട്ടതോ ആയ സ്വത്തിന്റെ മൂല്യത്തിന്റെ ഒന്നു പകുതിയിൽ കുറയാതെയുള്ള തുക കോടതിയിൽ കെട്ടി വെച്ചുകൊണ്ടോ അല്ലെങ്കിൽ പ്രസ്തുത തുകയ്ക്ക് ബാങ്ക് ഗ്യാരണ്ടി നൽകിക്കൊണ്ടോ അങ്ങനെയുള്ള മോചനത്തിനായുള്ള അപേക്ഷ എതിർക്കുന്നതിന് പ്രോസിക്യൂഷന് ഒരു അവസരം നൽകാതെ ജാമ്യത്തിൽ മോചിപ്പിക്കുവാൻ പാടുള്ളതല്ല.".

7-ാം ഖണ്ഡം

(1) 7-ാം ഖണ്ഡം 9-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 9-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

" 9. നഷ്ടപരിഹാരം നിശ്ചയിക്കൽ.— ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റത്തിന് കുറ്റസ്ഥാപനത്തിന്മേൽ കോടതി ശിക്ഷാവിധി ചുമത്തുമ്പോൾ കുറ്റം ചെയ്തത് മൂലം ഏതെങ്കിലും ആൾക്കോ സംഘടനയ്ക്കോ സ്ഥാപനത്തിനോ അസ്തിത്വത്തിനോ എന്തെങ്കിലും നാശനഷ്ടത്തിനോ നഷ്ടത്തിനോ നശീകരണത്തിനോ ഉണ്ടായ നഷ്ടം സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥൻ അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫാറത്തിലും നൽകുന്ന ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവിടേണ്ടതും അങ്ങനെയുള്ള നഷ്ടപരിഹാരം 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരമോ അല്ലെങ്കിൽ 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിലെ (1968-ലെ 15) വ്യവസ്ഥകൾ പ്രകാരം ഭൂമിയിന്മേലുള്ള പൊതുനികുതി കുടിശ്ശിക എന്ന പോലെയോ ഈടാക്കാവുന്നതുമാണ്.".

8-ാം ഖണ്ഡം

(1) 8-ാം ഖണ്ഡം 10-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുനരക്കം ചെയ്ത 10-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

" 10. ഒഴിവാക്കൽ.— ഈ ആക്ടിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അതിന് ഭംഗം വരാതെയും ആയിരിക്കുന്നതാണ്.".

9-ാം ഖണ്ഡം

9-ാം ഖണ്ഡം 11-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

10-ാം ഖണ്ഡം

10-ാം ഖണ്ഡം 12-ാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതാണ്.

സമിതി യോഗം വൈകുന്നേരം 4.40-ന് പിരിഞ്ഞു.

## 6-2-2020-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റി 2020 ഫെബ്രുവരി 6-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനം അവസാനിച്ച ശേഷം വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി ' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ പ്രത്യേക ക്ഷണിതാവായി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ജെയിംസ് മാത്യു, എം. എൽ. എ.
2. ഡോ: എം.കെ. മുനീർ, എം. എൽ. എ.
3. ശ്രീ. സി. കെ. നാണു, എം. എൽ. എ.
4. ശ്രീ. ഉമ്മൻ ചാണ്ടി, എം. എൽ. എ.

5. ശ്രീ. രാജു എബ്രഹാം, എം. എൽ. എ.

6. ശ്രീ. ആർ. രാമചന്ദ്രൻ, എം. എൽ. എ.

7. ശ്രീ. രമേശ് ചെന്നിത്തല, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. രാജു. കെ. എ., ജോയിന്റ് സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. വിശ്വാസ് മേത്ത, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
2. ശ്രീ. അരവിന്ദ ബാബു. പി.കെ., സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. ആർ. രാജശേഖരൻ നായർ, സ്പെഷ്യൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
4. ശ്രീ. വിജയകുമാർ. റ്റി., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീമതി ഇന്ദുകല. പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ശീർഷകം

" 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ബിൽ " എന്ന് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

ദീർഘ ശീർഷകത്തിൽ, -

i) " ക്രിസ്ത്യാനികളുടെ" എന്ന വാക്കിനു മുമ്പായി " മലങ്കര ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെട്ട " എന്നീ വാക്കുകൾ ചേർക്കുക;

ii) " ശവം " എന്ന വാക്കിനുപകരം "മൃതദേഹം" എന്ന വാക്ക് ചേർക്കുക.

പീഠിക

i) " ക്രിസ്ത്യാനികളുടെ" എന്ന വാക്കിനുമുമ്പായി " മലങ്കര ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെട്ട " എന്നീ വാക്കുകൾ ചേർക്കുക;

ii) "ശവം" എന്ന വാക്കിനു പകരം " മൃതദേഹം" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം I</u>

ഉപഖണ്ഡം (1) താഴെപ്പറയുംപ്രകാരം മാറ്റുക.

"2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്ട് എന്ന് പേര് പറയാം."

<u>ഖണ്ഡം 2(ബി) ഇനത്തിൽ</u> , -

(i) " ജ്ഞാനസ്നാനം" എന്ന വാക്കിനുപകരം " സ്നാനം" എന്ന വാക്ക് ചേർക്കുക;

(ii) " ചെയ്യപ്പെട്ടിട്ടുള്ളതുമായ " എന്ന വാക്കിനുശേഷം " മലങ്കര ക്രിസ്ത്യൻ സഭയിലെ ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെടുന്ന" എന്നീ വാക്കുകൾ ചേർക്കുക;

ഖണ്ഡം 2 (ഡി) ഇനത്തിൽ,-

" ക്രിസ്ത്യൻ" എന്ന വാക്കിനുപകരം " ക്രിസ്ത്യാനി" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം 3-ൽ</u>, -

" ശവം " എന്ന വാക്കിനു പകരം "മൃതദേഹം" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം 4-ൽ</u>,-

" ശവം " എന്ന വാക്കിനുപകരം "മൃതദേഹം" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം 6-ൽ</u>,-

i) " ശവം " എന്ന വാക്കിനുപകരം "മൃതദേഹം" എന്ന വാക്ക് ചേർക്കുക.

ii) വിശദീകരണത്തിൽ "ശവം അടക്കൽ" എന്നീ വാക്കുകൾക്കുപകരം "മൃതദേഹം അടക്കം ചെയ്യൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. രമേശ് ചെന്നിത്തല, ഡോ: എം.കെ. മുനീർ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതിയുടെ യോഗം വൈകുന്നേരം 6.30-ന് അവസാനിച്ചു.

## 18-2-2020-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2020 ഫെബ്രുവരി മാസം 18-ാം തീയതി, ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ, ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു :

1.ഡോ. എം.കെ. മുനീർ

2.ശ്രീ. സി.കെ. നാണു

3.ശ്രീ. ഉമ്മൻ ചാണ്ടി

4.ശ്രീ. രാജു എബ്രഹാം

5.ശ്രീ. ആർ. രാമചന്ദ്രൻ

6.ശ്രീ. രമേശ് ചെന്നിത്തല

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1.ശ്രീ. രാജു. കെ.എ, ജോയിന്റ് സെക്രട്ടറി

2.ശ്രീ. സുരേഷ് കുമാർ .ജി. എസ്., ഡെപ്യൂട്ടി സെക്രട്ടറി

3.ശ്രീ. അനിൽ കുമാർ. ബി, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, അച്ചടിയും സ്റ്റേഷനറിയും വകുപ്പ്.

2. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

3. ഡോ. കെ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക

4 ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ്

5.ശ്രീ. എം. ശിവശങ്കർ, പ്രിൻസിപ്പൽ സെക്രട്ടറി, ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.

6. ശ്രീ. കെ.ജി. ഭട്ട്, സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

7. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.

8. ശ്രീ. പി. കെ. അരവിന്ദ ബാബു, സെക്രട്ടറി, നിയമ വകുപ്പ്.

9. ഡോ. പി. സുരേഷ് ബാബു, സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

10. ശ്രീ. യു.വി. ജോസ്, ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

11. ശ്രീ. എ. ഹേമചന്ദ്രൻ, ഡയറക്ടർ ജനറൽ,ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്

12. ശ്രീമതി അനുപമ. ടി.വി, ജോയിന്റ് സെക്രട്ടറി ആന്റ് ഡയറക്ടർ, സി.പി.എം.യു

13. ശ്രീ. സാജു ജോർജ്ജ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

14. ശ്രീമതി സൂസൻ ഗോപി, സെക്രട്ടറി, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ

15. ശ്രീ. സി. ശ്രീധരൻ നായർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ

16. ഡോ. ഡിമ്പി. വി. ദിവാകരൻ, ഡയറക്ടർ ജനറൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

17. ശ്രീ. എ. ജെയിംസ് രാജ്, ഡയറക്ടർ, പ്രിന്റിംഗ് വകുപ്പ്

18. ശ്രീമതി എസ്. ജയലക്ഷ്മി, കൺട്രോളർ ഓഫ് സ്റ്റേഷനറി

19. ശ്രീ. ഫെറോൾഡ് സേവിയർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

20. ശ്രീമതി മിനിമോൾ .വി.ജി, അഡീഷണൽ സെക്രട്ടറി, ഭരണപരിഷ്കാര കമ്മീഷൻ

21. ശ്രീമതി ആർ. താരാദേവി, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

22. ശ്രീമതി മിനി. എം, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്

23. ശ്രീമതി കല. എസ്.വി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

24. ശ്രീമതി ടി. നീത കുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

25. ശ്രീ. അനൂപ് എസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

26. ശ്രീ. ഷൈൻ എ. ഹക്ക്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

27. ഡോ. സജി ഗോപിനാഥ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ട് അപ്മിഷൻ

28. ഡോ. ചിത്ര എസ്, ഡയറക്ടർ, ഐ.ടി. മിഷൻ

29. ശ്രീ. നാസർ എച്ച്, മെമ്പർ സെക്രട്ടറി, എൻ.ആർ.ഐ. കമ്മീഷൻ

30. ശ്രീമതി അനിത കുമാരി ബി.എസ്, കൺട്രോളർ ഓഫ് ഫിനാൻസ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

31. ശ്രീ. ജയദേവ് ആനന്ദ് എ.കെ, രജിസ്ട്രാർ, സി-ഡിറ്റ്

സമിതി 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II, III, XII, XIV, XV, XXIII എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

### 2013-00-104-99—അതിഥി സൽക്കാര ചെലവുകൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

### 2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ നടപ്പ് വർഷത്തെ ബജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചു. ജീവനക്കാർ, ദിവസ വേതനക്കാർ, കമ്മീഷൻ അംഗങ്ങൾ എന്നിവരുടെ ശമ്പളം, ക്ഷാമബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, പി.എസ്.സി. പരീക്ഷ നടത്തിപ്പുമായി

ബന്ധപ്പെട്ട ചെലവുകൾ, ഓഫീസുകളിലെയും ഗസ്റ്റ് ഹൗസുകളിലെയും വെള്ളക്കരം, വൈദ്യുതികരം, ടെലിഫോൺ ചാർജ്, കെട്ടിട വാടക, വാഹന അറ്റകുറ്റപ്പണികൾ, ഇന്ധന ചാർജ്, പി.എസ്.സി. ബുള്ളറ്റിൻ/വജ്രജൂബിലി സ്പെഷ്യൽ പതിപ്പ് എന്നിവയുടെ പ്രസിദ്ധീകരണത്തിനുള്ള ചെലവുകൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

| | | | | |
|---|---|---|---|---|
| 01-1 | - | ശമ്പളം | - | 13.0314 കോടി രൂപ |
| 01-4 | - | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - | 9 ലക്ഷം രൂപ |
| 04-1 | - | യാത്രാബത്ത | - | 2.8815 കോടി രൂപ |
| 05-1 | - | വെള്ളക്കരം | - | 2.5 ലക്ഷം രൂപ |
| 05-2 | - | വൈദ്യുതി ചെലവ് | - | 55 ലക്ഷം രൂപ |
| 05-3 | - | ടെലിഫോൺ ചെലവ് | - | 73.03 ലക്ഷം രൂപ |
| 05-4 | - | മറ്റിനങ്ങൾ | - | 11.1 കോടി രൂപ |
| 06 | - | വാടക, കരം, നികുതി | - | 1.33 കോടി രൂപ |
| 16 | - | മേജർ വർക്ക്സ് | - | 2.83 കോടി രൂപ |
| 18 | - | സംരക്ഷണം | - | 99.99 ലക്ഷം രൂപ |
| 21-2 | - | സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 8.09 ലക്ഷം രൂപ |
| 28 | - | തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ | - | 34.58 കോടി രൂപ |
ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന കെട്ടിടം, പ്രീഫാബ് കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും, ഈ ശീർഷകത്തിൽ 58.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIII—വാർത്താവിതരണവും പ്രചരണവും

2220 - വാർത്താവിതരണവും പ്രചരണവും

2220– 60-800-98 - പ്രസ്സ് അക്കാഡമി സഹായധനം

35 - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36 - സഹായധനം- ശമ്പളേതരം

മീഡിയ അക്കാദമിയുടെ അടിസ്ഥാന സൗകര്യ വികസനം, പ്രവർത്തന വിപുലീകരണം എന്നിവയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും, ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം-1993

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും, പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-89—പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമ പദ്ധതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം നേടാതെ

പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിച്ച പ്രമുഖ വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും, ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-81—കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം 1999

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വാങ്ങുന്ന പത്രപ്രവർത്തകേതര ജീവനക്കാരുടെ എണ്ണം വർദ്ധിച്ചതിനാലും പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത ശീർഷകത്തിൽ 9.65 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-800-78—സർക്കാർ വെബ്സൈറ്റിന്റെ രൂപീകരണവും തപാൽ സർവറിന്റെ മെയിന്റനൻസും

ബഡ്ജറ്റ് വിഹിതം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സോഷ്യൽ മീഡിയ സെൽ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഓഫീസിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനുമായി വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും, പ്രസ്തുത ശീഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-77—സുതാര്യകേരളം-ദൂരദർശനിലും ആകാശവാണിയിലും ഉള്ള ഫോൺ-ഇൻ-പ്രോഗ്രാം

ബഡ്ജറ്റ് വിഹിതം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 'നാം മുന്നോട്ട്' എന്ന ടെലിവിഷൻ പരിപാടി കൂടുതൽ ജനകീയമാക്കുന്നതിലെ പ്രക്ഷേപണ ചെലവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2220-60-800-69—<u>കലാസാംസ്കാരിക കേന്ദ്രം, ന്യൂഡൽഹി</u>

ബഡ്ജറ്റ് വിഹിതം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ രാജ്യതലസ്ഥാനത്ത് കേരളത്തിന്റെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ കൂടുതൽ വൈവിധ്യമാർന്ന രീതിയിൽ അവതരിപ്പിക്കുവാൻ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2220-60-110-99—<u>പുസ്തക പ്രസിദ്ധീകരണം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-106-93—<u>പുറമെയുള്ള പ്രചാരണ ക്യാമ്പയിനുകൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുറമേ നടത്തി വരുന്ന പ്രചാരണ സംവിധാനങ്ങൾ മികവുറ്റ രീതിയിൽ ആവിഷ്കരിക്കുവാനും സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-101-98—<u>പ്രചരണ സാമഗ്രികൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-60-101-97-01—<u>പരസ്യത്തിനുള്ള ചെലവുകൾ-അച്ചടി മാധ്യമം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരസ്യ ബില്ലുകളുടെ പേയ്മെന്റ് കുടിശ്ശിക, ജി.എസ്.ടി. തുടങ്ങിയവ ഒടുക്കേണ്ടതായിട്ടുള്ളതിനാലും സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും ബഡ്ജറ്റ്

വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 35 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-01-105-98—വീഡിയോ ഡോക്യുമെന്ററി ചിത്രങ്ങളുടെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള സൗണ്ട് ബൂത്ത് സംവിധാനം, ഇന്റർനെറ്റ് റേഡിയോയ്ക്ക് ആവശ്യമായ വൈവിധ്യമാർന്ന പ്രോഗ്രാം, പ്രൊഡക്ഷൻ എന്നിവയുടെ ചെലവ് കണക്കിലെടുത്ത് വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2220-01-001-96—പ്രത്യേക പൊതുജന സമ്പർക്ക മേളകൾ സംഘടിപ്പിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതി മികവുറ്റതാക്കുന്നതിന് ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2220-01-001-95—ന്യൂസ് ഗ്രിഡിന്റെ സംയോജിത വികസന പദ്ധതി

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കണ്ടന്റ് എഡിറ്റർമാരുടെ സേവനം ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4220-60-101-64—ടാഗോർ തിയേറ്ററിന്റെ നവീകരണം

ബഡ്ജറ്റ് വിഹിതം മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടാഗോർ തിയേറ്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും തിയേറ്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.20 -ന് അവസാനിച്ചു.

## 20-2-2020 -ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2020 ഫെബ്രുവരി മാസം 20-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു :

1. ശ്രീ. ജെയിംസ് മാത്യു
2. ശ്രീ. ഉമ്മൻചാണ്ടി
3. ശ്രീ. എ. പ്രദീപ്കുമാർ
4. ശ്രീ. രാജു എബ്രഹാം.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. രാജു .കെ. എ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. സുരേഷ് കുമാർ.ജി. എസ്., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അനിൽകുമാർ. ബി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടിക്കാറാം മീണ, അഡീഷണൽ ചീഫ് സെക്രട്ടറി & ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്.

2. ഡോ. വിശ്വാസ് മേത്ത, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.

3. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
4. ശ്രീ. ആർ. എസ്. കണ്ണൻ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
5. ശ്രീ. എ. സന്തോഷ്, സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ വകുപ്പ്.
6. ശ്രീമതി ടി. നീത കുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
7. ശ്രീ. പി. വിജയൻ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (അഡ്മിനിസ്ട്രേഷൻ), പോലീസ് ഹെഡ്ക്വാർട്ടേഴ്സ്

8. ശ്രീ. എച്ച്.വെങ്കിടേശ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, വിജിലൻസ് വകുപ്പ്.

9. ശ്രീ. സുജിത് ദാസ്, അഡീഷണൽ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്

10. ശ്രീ. എസ്. സന്തോഷ്, ഡി.ഐ.ജി., ജയിൽ വകുപ്പ് .

സമിതി 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള IV, XII, XIII, XLI എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു

## ധനാഭ്യർത്ഥന IV—തെരഞ്ഞെടുപ്പുകൾ

2015 - <u>തെരഞ്ഞെടുപ്പുകൾ</u>

2015-00-101-99—<u>സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർണ്ണയിക്കാൻ പര്യാപ്തമല്ലെന്നും 2020 ഒക്ടോബർ/നവംബർ മാസത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയ്ക്കുള്ള തിരഞ്ഞെടുപ്പ് നടത്തേണ്ടതിനാൽ ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി, താഴെപ്പറയുന്ന ശീർഷകങ്ങളിൽ 1.4187 കോടി രൂപ ധനഃപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

01- <u>ശമ്പളം</u> -52 ലക്ഷം രൂപ

02- <u>വേതനം</u>- 20 ലക്ഷം രൂപ

04- <u>യാത്രാ ചെലവുകൾ</u>

1- യാത്രാ ബത്ത - 38 ലക്ഷം രൂപ

2- അവധി യാത്രാനുകൂല്യം - 3, 50,00 രൂപ

05- <u>ഓഫീസ് ചെലവുകൾ</u>

1-വെള്ളക്കരം - 1,10,000 രൂപ

2- വൈദ്യുതിചെലവ് - 9,27,000 രൂപ

4- മറ്റ് ചെലവുകൾ - 8 ലക്ഷം രൂപ

21- <u>മോട്ടോർ വാഹനങ്ങൾ</u>

02- സംരക്ഷണവും അറ്റകുറ്റപ്പണിയും -4 ലക്ഷം രൂപ

45- പി.ഒ.എൽ . - 6 ലക്ഷം രൂപ

2015-00-103-99—<u>തെരഞ്ഞെടുപ്പുകൾ നിയമസഭയും പാർലമെന്റും</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2021-ൽ നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രാരംഭ ചെലവുകൾ നടത്തേണ്ടതിനാൽ അനുബന്ധ ചെലവുകൾക്കായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും, ഈ ശീർഷകത്തിൽ 9.8331 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2015-00-106-99—<u>നിയമസഭ</u>

സംസ്ഥാന നിയമസഭയിലേക്ക് ഏതെങ്കിലും വിശേഷാൽ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് നടത്താനിടയായാൽ ആയതിലേക്കുള്ള ചെലവുകൾ വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണെന്നും കുട്ടനാട് നിയമസഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതിനാൽ അധികതുക ആവശ്യമാണെന്നും സമിതി വിലയിരുത്തി. അതിനാൽ ഈ ശീർഷകത്തിൽ 19.1005 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2015-00-109-99—<u>പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചു. ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്നും 2020-ലെ തെരഞ്ഞെടുപ്പിനാവശ്യമായ 13912 മൾട്ടിപോസ്റ്റ് ഇ.വി.എം. മെഷീനുകൾ വാങ്ങുന്നതിനും, വെയർഹൗസ് അഭിവൃദ്ധിപ്പെടുത്തൽ, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്കും മറ്റ് ചെലവുകൾക്കുമായി അധികവിഹിതം ആവശ്യമാണെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 137.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2015-00-110-99—സംസ്ഥാന ഡീ-ലിമിറ്റേഷൻ കമ്മീഷൻ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2020-ലെ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുന്ന പക്ഷം ഈ ശീർഷകത്തിൽ കൂടുതൽ തുക അവശ്യമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

2055 - പോലീസ്

2055-00-001 -99—മേൽനോട്ടം

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസിലേയും, റേഞ്ച് ഐ. ജി. ഓഫീസിലേയും യാത്രാബത്ത നിർവ്വഹിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 55.7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-05—ഓഫീസ് ചെലവുകൾ

2 - വൈദ്യുതി ചെലവ്

വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ഇനത്തിൽ 12.8455 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3 - ടെലിഫോൺ ചാർജ്ജ്

ഈ ഇനത്തിൽ വകയിരുത്തിയ തുക വളരെ കുറവാണെന്ന് വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4 - മറ്റിനങ്ങൾ

ഈ ഇനത്തിൽ വകയിരുത്തിയ തുക വളരെ കുറവാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 1.841 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-001 -99-06—വാടക, കരം, നികുതി

ഈ ഇനത്തിൽ വകയിരുത്തിയ തുക വളരെ കറവാണെന്ന് സമിതി വിലയിരുത്തുകയും ഈ ഇനത്തിൽ 12.48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-15—രഹസ്യ സേവന ചെലവുകൾ

ഈ ഇനത്തിൽ വകയിരുത്തിയ തുക വളരെ കറവാണെന്ന് സമിതി വിലയിരുത്തുകയും ഈ ഇനത്തിൽ 3.65 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-18—സംരക്ഷണം

ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 6.23 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-001 -99-19—യന്ത്രോപകരണങ്ങൾ

ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 20.0075 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001-99-21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവുംഅറ്റകുറ്റപ്പണികളും

ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 39.1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-34-3—മറ്റിനം

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, മറ്റ് ആകസ്മിക ചെലവുകൾ, എന്നിവ നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 3.98 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-001 -99-45—<u>പി.ഒ.എൽ.</u>

പോലീസ് ആസ്ഥാനത്തേയും സോണൽ ഓഫീസുകളിലെയും റേഞ്ച് ഐ.ജി. ഓഫീസുകളിലെയും ഇന്ധന ചെലവിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 3.6691 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-003 -99—<u>പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും</u>

05-1-<u>വെള്ളക്കരം</u>

ഈ ശീർഷകത്തിൽ 24.12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

05 - <u>ഓഫീസ് ചെലവുകൾ</u> - 4 <u>മറ്റിനങ്ങൾ</u>

പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഓഫീസ് ആവശ്യങ്ങൾക്കുള്ള മറ്റു ചെലവുകൾ നിർവ്വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 22.44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായിവകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-003 -99- 17—<u>ചെറുകിട മരാമത്തുപണികൾ (പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും)</u>

പോലീസ് പരിശീലന സ്കൂളിലെ മരാമത്തു പണികൾ നിർവ്വഹിക്കുന്നതിനായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 38.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-003 -99- 18—<u>സംരക്ഷണം</u>

(പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും)

പോലീസ് പരിശീലന സ്കൂളിലെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.9675 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-98—<u>കേരള പോലീസ് അക്കാഡമി</u>

04 - <u>യാത്രാ ചെലവുകൾ - 1 യാത്രാബത്ത</u>

മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 45.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-003-98 -05—<u>ഓഫീസ് ചെലവുകൾ- 4 മറ്റിനങ്ങൾ</u>

<u>(കേരള പോലീസ് അക്കാഡമി)</u>

പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതും, ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകളുമെല്ലാം മേൽ ശീർഷകത്തിൽ നിന്നുമാണ് നിർവ്വഹിക്കുന്നത്. ഇതിനായി വകയിരുത്തിയിരിക്കുന്ന തുക പരിമിതമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 44.7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-98-17—<u>ചെറുകിട മരാമത്തുപണികൾ (കേരള പോലീസ് അക്കാഡമി)</u>

കേരള പോലീസ് അക്കാഡമിയിലെ മരാമത്ത് പണികൾ നടത്തുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-98-18 —<u>സംരക്ഷണം (കേരള പോലീസ് അക്കാഡമി)</u>

കേരള പോലീസ് അക്കാഡമിയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി വകയിരുത്തിയ തുക വളരെ കുറവാണെന്ന് സമിതി വിലയിരുത്തുകയും ആയതിനാൽ ഈ ശീർഷകത്തിൽ 6.4297 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-98-21—<u>മോട്ടോർ വാഹനങ്ങൾ 2 സംരക്ഷണവും അറ്റകുറ്റപ്പണികളും (കേരള പോലീസ് അക്കാഡമി)</u>

കേരള പോലീസ് അക്കാഡമിയിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിനായി വകയിരുത്തിയ തുക വളരെ കുറവാണെന്ന് വിലയിരുത്തിയ സമിതി, ഈ

ശീർഷകത്തിൽ 66.24 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2055-00-003-98-34 —<u>മറ്റു ചെലവുകൾ 3 മറ്റിനം</u>

<u>(കേരള പോലീസ് അക്കാഡമി)</u>

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 7.846 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-98-45—<u>പി.ഒ.എൽ.</u>

<u>(കേരള പോലീസ് അക്കാഡമി)</u>

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 33.13 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-003-93—<u>ജീവനക്കാരുടെ പരിശീലനം</u>

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും, ഈ ശീർഷകത്തിൽ 34.9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-94—<u>കേരള പോലീസ് അക്കാദമി</u>
<u>(ഇൻ സർവ്വീസ് കേഡറ്റ്സ്)</u>

ബജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി, 1 ശമ്പളം, 2 ക്ഷാമബത്ത, 5 മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിൽ വകുപ്പ് ആവശ്യപ്പെട്ട തുക മുഴുവനും

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-101-99—കുറ്റാന്വേഷണ വിഭാഗം

18 - സംരക്ഷണം

സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.2461 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-101-98 —സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കേണ്ടതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

18 - സംരക്ഷണം

അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 49.68 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-104-99—സായുധ പോലീസ്

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

ഇലക്ഷൻ, ശബരിമല ഡ്യൂട്ടി എന്നിവയുമായി ബന്ധപ്പെട്ട ടി.എ. ബില്ലുകൾ മാറുന്നതിനും, പുതിയ വനിതാ ബറ്റാലിയന്റെ രൂപീകരണം, 2020-ലെ തദ്ദേസസ്വയംഭരണ തെരഞ്ഞെടുപ്പ് എന്നിവയുമായുള്ള ചെലവുകളും മൂലം ഈ ശീർഷകത്തിൽ കൂടുതൽ തുക വേണ്ടി വരുമെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 21.018 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05 - ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം

മുൻകാല കുടിശ്ശിക തീർക്കുന്നതിലേക്കും 9 ബറ്റാലിയനുകളിലേക്കും അടുത്ത സാമ്പത്തിക വർഷത്തെ ചെലവിനായും ഈ ശീർഷകത്തിൽ 1.96 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05 - ഓഫീസ് ചെലവുകൾ

04 - മറ്റിനം

9 ബറ്റാലിയനുകളിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകളുമെല്ലാം മേൽ ശീർഷകത്തിൽ നിന്നുമാണ് നിർവ്വഹിക്കുന്നത്. 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഈ ശീർഷകത്തിൽ അധികമായി തുക ആവശ്യം വരുമെന്നതിനാൽ ഈ ശീർഷകത്തിൽ 3.837 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-104-99 -06—വാടക, കരം, നികുതി (സായുധ പോലീസ്)

ഈ ശീർഷകത്തിൽ 72.76 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18 - സംരക്ഷണം

ഫണ്ടിന്റെ അപര്യാപ്തത മൂലം ബറ്റാലിയനുകളിൽ ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല എന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 49.9537 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

19 - യന്ത്രോപകരണങ്ങൾ

ബറ്റാലിയൻ യൂണിറ്റുകളിലേക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 19-യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

34 - മറ്റു ചെലവുകൾ - 3 മറ്റിനം

കേരളത്തിലെ 9 ബറ്റാലിയൻ യൂണിറ്റുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പരിശീലനത്തിനായി പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന പോലീസ് ട്രെയിനികളുടെ മെഡിക്കൽ

ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പോലീസ് സേനയിലെ കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് തുടങ്ങിയ ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. കൂടാതെ 2020-ലെ തദ്ദേശസ്വയംഭരണ ഇലക്ഷനുമായി ബന്ധപ്പെട്ട് ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായിവരുമെന്നതിനാലും ബറ്റാലിയനുകളുടെ പരിശീലനവുമായി ബന്ധപ്പെട്ട പരിപാടികളുടെ സുഗമമായ നടത്തിപ്പിനായും ഈ ശീർഷകത്തിൽ 2.606 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-104-98 -01-4—ശമ്പളം- മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇന്ത്യ റിസർവ് ബറ്റാലിയൻ

ഈ ശീർഷകത്തിൽ 19.46 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-104-98—ഇന്ത്യ റിസർവ് ബറ്റാലിയൻ

04-യാത്രാ ചെലവുകൾ - 1 യാത്രാബത്ത

ഇന്ത്യ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടി വരുന്നത് കണക്കിലെടുത്തും ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ സംബന്ധിച്ച കുടിശ്ശിക ബാദ്ധ്യത തീർക്കുന്നതിനും സാമ്പത്തിക വർഷാവസാനംവരെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3.4773 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-104-98 -05—ഓഫീസ് ചെലവിനങ്ങൾ-4 മറ്റിനങ്ങൾ ഇന്ത്യ റിസർവ് ബറ്റാലിയൻ

ഐ.ആർ. ബറ്റാലിയനിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 21.46 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-104-98-18—സംരക്ഷണം

ഐ.ആർ. ബറ്റാലിയനിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 76.26 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-104-98-19- യന്ത്രോപകരണങ്ങൾ

(ഇന്ത്യ റിസർവ് ബറ്റാലിയൻ)

ഈ ശീർഷകത്തിൽ 85.28 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-104-98

21 – മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

ഐ.ആർ. ബറ്റാലിയന്റെ വാഹനങ്ങളുടെയും ആന്റി നക്സൽ ഓപ്പറേഷന് ഉപയോഗിക്കുന്ന വാഹനങ്ങളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 18.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-104-98 -34—മറ്റു ചെലവുകൾ-3 മറ്റിനം

ഐ.ആർ. ബറ്റാലിയൻ ഓഫീസിലെ ദൈനംദിന ചെലവുകൾ മേൽ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നുമാണ് ചെലവഴിക്കുന്നത് എന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 1.2053 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-104-98 -45 —പി.ഒ.എൽ.

ഐ. ആർ. ബറ്റാലിയന്റെ വാഹനങ്ങളുടെയും മാവോയിസ്റ്റ് വേട്ടയ്ക്ക് നിയോഗിച്ചിട്ടുള്ള തണ്ടർബോൾട്ട് കമാന്റോകളുടെ വാഹനങ്ങളുടെയും ഇന്ധനചെലവ് വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. കൂടാതെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന അധിക ചെലവ് കൂടി കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 47.67 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-109-99—ജില്ലാ സേന

04 – യാത്രാ ചെലവുകൾ - 1 യാത്രാബത്ത

മുൻവർഷങ്ങളിലെ ടി.എ. ഇനത്തിലുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും, 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഡ്യൂട്ടിക്ക് നിയോഗിക്കുന്ന

പോലീസുകാർക്ക് ടി.എ. നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 39.24 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05 - ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാലും തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ കൂടി കണക്കിലെടുത്തും ഈ ശീർഷകത്തിൽ 15.68 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

17 - ചെറുകിട മരാമത്തുപണികൾ

പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെയും ജില്ലാ പോലീസ് ഓഫീസ് കെട്ടിടങ്ങളുടെയും മരാമത്തുപണികൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60.025 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18 - സംരക്ഷണം

പ്രളയം ബാധിച്ച ജില്ലകളിലെ പോലീസ് സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തുന്നതിനും പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 57.2375 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

19 - യന്ത്രോപകരണങ്ങൾ

നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

21 - മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാലും 2020-ലെ

തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചെലവുകൾ കൂടി കണക്കിലെടുത്തും ഈ ശീർഷകത്തിൽ 17.4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

34-3- മറ്റിനം

ശബരിമല തീർത്ഥാടന സമയത്തും, മകരവിളക്ക് സമയത്തും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നവർക്ക് പ്രതിഫലം നൽകൽ, 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 24.4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

45- പി.ഒ.എൽ.

പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലേയും വാഹനങ്ങളുടെ ഇന്ധന ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 57.25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-111-99—റെയിൽവേ പോലീസ്

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

മുൻവർഷങ്ങളിലെ ടി.എ. ഇനത്തിലുള്ള കടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടി) നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ 4.1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-111-99 - 05—ഓഫീസ് ചെലവുകൾ-4 മറ്റിനങ്ങൾ റെയിൽവേ പോലീസ്

പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും ഈ ശീർഷകത്തിൽ 9.6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-111-99 -34—ഓഫീസ് ചെലവുകൾ-3 മറ്റിനം റെയിൽവേ പോലീസ്

Dog food, Medicine, ഓഫീസ് ആവശ്യങ്ങൾക്കുള്ള ദൈനംദിന ചെലവ് എന്നിവ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 6.1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-112-98—തീരദേശ പോലീസ് സ്റ്റേഷനുകൾ

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

ശബരിമല ഡ്യൂട്ടി, ഇലക്ഷൻ ഡ്യൂട്ടി തുടങ്ങിയവയുടെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കേണ്ടതുള്ളതിനാലും 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യം കണക്കിലെടുത്തും ഈ ശീർഷകത്തിൽ 87.96 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-113-98—സ്പോർട്സ് ഗ്രാന്റ്

All India Police Meet 2020 നടത്തുന്നതിനുള്ള സെലക്ഷൻ കേരള പൊലീസിനു ലഭിച്ചിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 1.3410 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-114-99 - 04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത വയർലെസ് യൂണിറ്റ്

ഈ ശീർഷകത്തിൽ 1.053 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-114-99 - 05- ഓഫീസ് ചെലവുകൾ വയർലെസ് യൂണിറ്റ്

ഈ ശീർഷകങ്ങളിൽ, 3- ടെലിഫോൺ ചെലവ് ഇനത്തിൽ 3.728 കോടി രൂപയും 4- മറ്റിനങ്ങൾ ഇനത്തിൽ 7.2 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-114-99 - 18—സംരക്ഷണം (വയർലെസ് യൂണിറ്റ്)

പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1.293 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-114-98—കമ്പ്യൂട്ടർ സെന്റർ

05- ഓഫീസ് ചെലവുകൾ- 4 മറ്റിനം

പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും ഈ ശീർഷകത്തിൽ 43.15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-114-98 -18—സംരക്ഷണം

എസ്.സി.ആർ.സി. യൂണിറ്റിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 78.2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-116-99 -ഫോറൻസിക് സയൻസ്

18 - സംരക്ഷണം

തൃശ്ശൂർ ഫോറൻസിക് സയൻസ് ലാബിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4055-00-207-92-04—പുതിയ പോലീസ് സ്റ്റേഷനുകൾക്കും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ്സ്റ്റേഷനുകൾക്കും ഉള്ള കെട്ടിട നിർമ്മാണം

നിർമ്മാണ പ്രവർത്തനങ്ങൾക്കായി 60 കോടി രൂപയാണ് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളത് എന്നും, ഇത് പദ്ധതി നടത്തിപ്പിൽ വളരെയധികം സാങ്കേതിക തടസ്സങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ടെന്നും സമിതി വിലയിരുത്തുകയും ചുവടെ ചേർത്തിരിക്കുന്ന ശീർഷകങ്ങളിലേക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| ക്രമ നമ്പർ | ശീർഷകം | വകയിരുത്തേണ്ട തുക |
|---|---|---|
| 1 | 4055-00-207-92-01- ജില്ലാ പരിശീലന കേന്ദ്രങ്ങളുടെ നിർമ്മാണം | 2 കോടി രൂപ (പദ്ധതി) |
| 2 | 4055-00-207-92-02-ജില്ലാ കൺട്രോൾ റൂമുകൾ ആരംഭിക്കൽ | 1.6 കോടി രൂപ (പദ്ധതി) |
| 3 | 4055-00-207-92-04- പുതിയ പോലീസ് സ്റ്റേഷനുകൾക്കും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്റ്റേഷനുകൾക്കുമുള്ള കെട്ടിട നിർമ്മാണം | 26.5 കോടി രൂപ (പദ്ധതി) |
| 4 | 4055-00-207-92-06—സായുധസേന | 3 കോടി രൂപ (പദ്ധതി) |
| 5 | 4055-00-207-92-10—എസ്.ബി.സി.ഐ.ഡി. റേഞ്ച് ഓഫീസ് കെട്ടിടം | 3 കോടി രൂപ (പദ്ധതി) |
| 6 | 4055-00-207-92-11—എസ്.ബി.സി.ഐ.ഡി. ഇന്റലിജൻസ് ഹെഡ്ക്വാർട്ടേഴ്സ് | 5 കോടി രൂപ (പദ്ധതി) |
| 7 | 4055-00-207-92-12—കേരളാ പോലീസ് അക്കാഡമി | 1.68 കോടി രൂപ (പദ്ധതി) |
| 8 | 4055-00-207-92-13—ഒരു ബറ്റാലിയന്റെ സംയോജിത പരിശീലനം-നിർമ്മാണവും വിന്യാസവും | 2 കോടി രൂപ (പദ്ധതി) |
| 9 | 4055-00-207-92-14—മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം | 15.22 കോടി രൂപ (പദ്ധതി) |
| | ആകെ | 60 കോടി രൂപ (പദ്ധതി) |

പോലീസ് വകുപ്പിലെ 48 നിർമ്മാണ പ്രവർത്തനങ്ങൾ എം.ഒ.പി.എഫ്. സ്കീമിൽ അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് നടത്തിവരുന്നതെന്നും 2015-16 മുതൽ ടി സ്കീമിൽ തുകയൊന്നും അനുവദിക്കുന്നില്ലെന്നും 2017-18 മുതൽ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിലും പോലീസ്

വകുപ്പിലെ വർദ്ധിച്ചുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ചിലത് മാത്രമേ ടി തുക വിനിയോഗിച്ച് നടപ്പിലാക്കാൻ സാധിക്കുന്നുള്ളുവെന്നും സമിതി വിലയിരുത്തുകയും, ചുവടെ ചേർക്കുന്ന ശീർഷകങ്ങൾക്ക നേരെയുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

| ക്രമ നമ്പർ | ശീർഷകം | വകയിരുത്തേണ്ട തുക |
|---|---|---|
| 1 | 4055-00-207-97-01 | 21.6198 കോടി രൂപ (പദ്ധതി) |
| 2 | 4055-00-207-96 | 12.8269 കോടി രൂപ (പദ്ധതി) |
| 3 | 4055-00-207-91 | 3.4215875 കോടി രൂപ (പദ്ധതി) |
| 4 | 4055-00-207-89 | 164.1377137 കോടി രൂപ (പദ്ധതി) |
| 5 | 4055-00-208-98 | 22.2909150 കോടി രൂപ (പദ്ധതി) |
| ആകെ | | 224.2969162 കോടി രൂപ (പദ്ധതി) |

2055-00-101-95—<u>CCTNS 99</u> ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 10.85 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-001-88—നേഷൻവൈഡ് എമർജൻസി റസ്പോൺസ് സിസ്റ്റം

ഈ ശീർഷകത്തിൽ 56.52162 ലക്ഷം രൂപ ധധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-104-95—കേരള ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക സേന

ഈ ശീർഷകത്തിൽ 20.93 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-115-99-02—പോലീസ് സേന നവീകരിക്കുന്നതിന് സ്റ്റേറ്റ് വിഹിതം

ഈ ശീർഷകത്തിൽ 26.91 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2062 - <u>വിജിലൻസ്</u>

2062 -00- 104-98—<u>വിജിലൻസ് വകുപ്പിന്റെ നവീകരണം</u>

നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2062-00-104-99—<u>വിജിലൻസ്</u>

അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

വിജിലൻസ് വകുപ്പിന്റെ ഓഫീസ് കമ്പ്യൂട്ടർ ശൃംഖലയുടെ നവീകരണത്തിന് ഐ. ടി. സംബന്ധമായ പുതിയ ശീർഷകം സൃഷ്ടിച്ച് ഒരു ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2062 -00- 105-99—<u>വിജിലൻസ് ട്രിബ്യൂണൽ</u>

മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 90,380 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2062-00-105-97—<u>എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ</u>

കമ്പ്യൂട്ടർവൽക്കരണം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2062-00-105-96—<u>എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം</u>

നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 84,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2062-00-105-94—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

നിലവിലുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ 05-04 ഓഫീസ് ചെലവ് മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 50,000 രൂപയും 45 പി. ഒ.എൽ. എന്നതിൽ 10,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 60,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2062-00-105-90—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ

നിലവിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, വിവര സാങ്കേതികവിദ്യ, മറ്റിനം എന്നി ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.35 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2062-00-105-89-06-എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി

ഓഫീസ് പ്രവർത്തനം ആരംഭിച്ച 20-2-2016 മുതലുള്ള കെട്ടിട വാടക കൊടുത്തു തീർക്കുന്നതിനായും പുതിയ കെട്ടിടത്തിലേയ്ക്ക് ഓഫീസ് സ്ഥിരമായി മാറ്റുന്നതിലേയ്ക്കായും ഈ ശീർഷകത്തിൽ 31 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2062-00-103-99—കേരള ലോകായുക്ത, 1998

01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ലോകായുക്ത, ഉപലോകായുക്ത, രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ഓഫീസ് സ്റ്റാഫ് എന്നിവരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ മാറിനൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

02- വേതനം

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

7053-02-190-99—<u>ട്രയാഡ്സ് (പദ്ധതിയേതരം)</u>

18 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അവാർഡ് തുകയും എൽ.എ.ആർ കോടതി വിധി പ്രകാരമുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 257.3010038 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

സമിതി യോഗം ഉച്ചയ്ക്കുശേഷം 3. 00 മണിയ്ക്ക് അവസാനിച്ചു.

## 25-2-2020-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2020 ഫെബ്രുവരി മാസം 25-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ജെയിംസ് മാത്യു
2. ശ്രീ. സി.കെ.നാണു
3. ശ്രീ. എ. പ്രദീപ്കുമാർ
4. ശ്രീ. ആർ. രാമചന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്;</u>

1. ശ്രീ. രാജു. കെ.എ., ജോയിന്റ് സെക്രട്ടറി.
2. ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി.

സമിതി 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് അവസാനിച്ചു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.